20
2025
ഏപ്രിൽ
ഞായർ
മേടം 5

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391







തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.122 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-122 പേജ് 4. വില 2.00 രൂപ



02 ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജം

03 കാമുകനൊപ്പം ജീവിക്കാൻ യുവതി മൂന്നു മക്കളെ കൊലപ്പെടുത്തി

04 ലഹരി കേസ്; ഷൈൻ ടോം ചാക്കോ അറസ്റ്റിൽ

എല്ലാ വായനക്കാർക്കും ഈസ്റ്റർ ആശംസകൾ

# വിഴിഞ്ഞം തുറമുഖം കമ്മിഷനിങ് മേയ് രണ്ടിന്

## പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും

തിരുവനന്തപുരം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മേയ് 2 ന് രാവിലെ 11 മണിക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കുമെന്ന് തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ലഭിച്ചതായും മന്ത്രി പറഞ്ഞു.

ദക്ഷിണേഷ്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖമായ വിഴിഞ്ഞം ഇന്ത്യയുടെ വാണിജ്യ കവാടമായി അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. 2024 ജൂലൈ 13 മുതലാണ് വിഴിഞ്ഞം തുറമുഖത്ത് ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ വന്നു തുടങ്ങിയത്. 2024 ഡിസംബർ 3 മുതൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങി. ഇതുവരെ 263 കപ്പലുകൾ എത്തിച്ചേർന്നു. ഇത്രയും സമയത്തിനുള്ളിൽ 5.36 ലക്ഷം ടി.ഇ.യു കൈകാര്യം ചെയ്തു ലോകത്തെ തന്നെ വിസ്മയിപ്പിച്ചു മുന്നേറുകയാണ് വിഴിഞ്ഞം.



2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇന്ത്യയിലെ ദക്ഷിണ, പശ്ചിമ തീരത്തെ തുറമുഖങ്ങളിൽ ചരക്കു നീക്കങ്ങളിൽ വിഴിഞ്ഞമാണ് ഒന്നാം സ്ഥാനത്ത്. പ്രതിമാസം 1 ലക്ഷം ടിഇയു കൈകാര്യം ചെയ്യുക എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കി.

ഇന്ത്യയിൽ ഇതുവരെ എത്തിയ കപ്പലുകളിൽ ഏറ്റവും വലുതെന്ന് വിശേഷിപ്പിക്കാവുന്ന ങടഇ ഠൗൃസശ്യല ഉൾപ്പെടെ വിഴിഞ്ഞത്ത് സുഗമമായി ബെർത്ത് ചെയ്തു. എംഎസ്സിയുടെ യൂറോപ്പിലേക്കുള്ള പ്രതിവാര സർവീസ് ആയ ജേഡ് സർവീസും വിഴിഞ്ഞത്തു നിന്ന് ആരംഭിച്ചു.

വിജിഎഫ് കരാർ ഒപ്പിടൽ കൂടി പൂർത്തിയാക്കിയതോടെ വിഴിഞ്ഞം പോർട്ടിന്റെ ആദ്യഘട്ടത്തിലെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാവുകയാണ്. തുറമുഖം രാഷ്ട്രത്തിന് സമർപ്പിക്കുന്നതോടെ ലോകസമുദ്രവ്യാപാര മേഖലയിൽ പ്രഥമനിരയിലേക്ക് എത്തിച്ചേരുകയാണ് കേരളം. ആർബിട്രേഷൻ നടപടികൾ ഒഴിവാക്കി പുതിയ കരാറിലേക്ക് എത്തിയതോടെയാണ് നിർമാണപ്രവർത്തനം ത്വരിതഗതിയിൽ പൂർത്തിയാക്കി അഭിമാനകരമായ നേട്ടങ്ങളിലേക്ക് എത്താനായത്.

മുൻപ് ഉണ്ടായിരുന്ന കരാർ അനുസരിച്ച് ലഭിക്കുന്നതിനെക്കാൾ കൂടുതൽ വരുമാനം സർക്കാരിന് ലഭ്യമാവുന്ന നിലയിലാണ് ധാരണയിൽ എത്തിയിരിക്കുന്നത്. അതനുസരിച്ച് 2034 മുതൽ തന്നെ തുറമുഖത്തിൽ നിന്നും വരുമാനത്തിന്റെ വിഹിതം സർക്കാരിന് ലഭിക്കും. തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളുടെയും നിർമ്മാണം 2028ൽ പൂർത്തീകരിക്കുകയും ചെയ്യും . 4 ഘട്ടങ്ങളും കൂടി പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന വരുമാനത്തിന്റെ ലാഭ വിഹിതമായിരിക്കും അദാനി വിഴിഞ്ഞം പോർട്ട് സർക്കാരിന് 2034 മുതൽ നൽകുക. ഇക്കാര്യത്തിലും ധാരണയിൽ എത്തിയിട്ടുണ്ട്.



## മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവിയിലേക്ക്

വത്തിക്കാൻ സിറ്റി: കേരളത്തിലെ ആദ്യ സന്യാസിനിയും കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ് (സിടിസി ) സന്യാസിനീസമൂഹത്തിന്റെ സ്ഥാപകയുമായ ദൈവദാസി മദർ ഏലീശ്വ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്.

മദർ ഏലീശ്വയുടെ മാധ്യസ്ഥ്യത്താൽ സംഭവിച്ച അദ്ഭുതം ഫ്രാൻസിസ് മാർപാപ്പ അംഗീകരിച്ചതോടെയാണു വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നതിനു വഴി തെളിഞ്ഞിരിക്കുന്നത്.

ഇതോടൊപ്പം 2001 ഫെബ്രുവരി 22ന് ബ്രസീലിലെ സാവോ പോളോയിൽ വിശ്വാസത്തെപ്രതി മരണം വരിച്ച ഇറ്റാലിയൻ മിഷനറി വൈദികനായ ഫാ. നസറേനോ ലാൻസിയോത്തിയുടെ രക്തസാക്ഷിത്വത്തിന് മാർപാപ്പ അംഗീകാരം നൽകി.

'ദൈവത്തിന്റെ വാസ്തുശില്പി'എന്നറിയപ്പെടുന്ന സ്പെയിനിൽ നിന്നുള്ള ആൻറണി ഗൗദിയെയും മൂന്ന് രൂപതാ വൈദികരെയും ധന്യരായും പ്രഖ്യാപിച്ചു.

ഇറ്റലിയിൽ നിന്നുള്ള ഫാ. അഗോസ്റ്റിനോ കൊസോലിനോ, സെൻറ് കാതറിൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപകനായ ഇറ്റാലിയൻ വൈദികൻ ഫാ. ആഞ്ചലോ ബുഗെത്തി, ബൽജിയത്തെ ബ്രസൽസ് സ്വദേശി ഫാ. പിയത്രോ ജൂസെപ്പെ ട്രീസ്റ്റ് എന്നിവരാണ് ധന്യപദവിയിലേക്ക് ഉയർത്തപ്പെടുന്നത്.

സ്പെയിൻ തലസ്ഥാനമായ ബാഴ്സലോണയിലെ ഇതിഹാസനിർമിതിയായ സാഗ്രാദ ഫാമിലിയ ബസിലിക്കയുടെ ഡിസൈനർകൂടിയാണ് ആൻറണി ഗൗഡി. 140 വർഷം മുന്പ് നിർമാണം ആരംഭിച്ച ഈ ബസിലിക്കയുടെ നിർമാണം അടുത്ത വർഷമേ പൂർത്തിയാകൂ.

## ഈസ്റ്റർ ആശംസകൾ നേർന്ന് മുഖ്യമന്ത്രി

മുഖ്യമന്ത്രി പിണറായി വിജയൻ ഏവർക്കും ഈസ്റ്റർ ആശംസകൾ നേർന്നു. ദുഃഖവെള്ളിക്കപ്പുറത്ത് സന്തോഷത്തിന്റെ ഈസ്റ്റർ ഉണ്ട് എന്നത് യാതനകളെ അതിജീവിക്കാനുള്ള കരുത്തു നൽകുമെന്നും ആ പ്രത്യാശയുടെ സന്ദേശമാണ് ഈസ്റ്റർ പകരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രത്യാശയുടെ പ്രകാശത്തെ തടുത്തുനിർത്താൻ ലോകത്ത് ഒരു പ്രതിബന്ധത്തിനും സാധിക്കില്ലെന്ന സന്ദേശമാണ് ഈസ്റ്റർ മുന്നോട്ടുവെക്കുന്നത്. നന്മക്കും നീതിക്കുമായുള്ള ഒരു പോരാട്ടവും വെറുതെയാകില്ലെന്ന് ഈസ്റ്റർ നമ്മെ ഓർമ്മിപ്പിക്കുന്നു. എല്ലാവരും തുല്യരായി സന്തോഷത്തോടെ വാഴുന്ന നല്ലൊരു നാളെ സ്വപ്നം കാണുന്ന നാമെല്ലാവരെയും സംബന്ധിച്ചിടത്തോളം നവകേരളം കെട്ടിപ്പടുക്കാനായുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് ഊർജ്ജം പകരുന്നതാണ് ഈസ്റ്റർ ആഘോഷങ്ങൾ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ നേരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ജെഇഇ ഫലം പ്രസിദ്ധീകരിച്ചു; 24 വിദ്യാർഥികൾക്ക് മുഴുവൻമാർക്ക്

ന്യൂഡൽഹി: ജോയിൻറ് എൻട്രൻസ് എക്സാമിനേഷൻ (ജെഇഇ) മെയിൻ 2025 സെഷൻ രണ്ട് ഫലം പ്രസിദ്ധീകരിച്ചു. jeemain. nta. nic. in എന്ന വെബ്സൈറ്റിൽ ഫലമറിയാം. 24 വിദ്യാർഥികളാണ് ഇത്തവണ 100 ശതമാനം മാർക്ക് നേടിയത്. രാജസ്ഥാൻ, മഹാരാഷ്ട്ര, ബംഗാൾ, ഉത്തർപ്രദേശ്, തെലുങ്കാന, ഗുജറാത്ത്, ഡൽഹി, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർഥികളാണ് മുഴുവൻ മാർക്കും നേടിയത്. ഇതിൽ രണ്ട് പേർ പെൺകുട്ടികളാണ്. കേരളത്തിൽ നിന്ന് ആർക്കും മുഴുവൻ മാർക്ക് നേടാനായില്ല. കോഴിക്കോട് സ്വദേശിയായ അക്ഷയ് ബിജുവാണ് കേരളത്തിലെ ടോപ് സ്കോറർ. 99.9960501 മാർക്കാണ് അക്ഷയ്ക്ക് ലഭിച്ചത്.

## വഖഫ് നിയമഭേദഗതിയെ പിന്തുണച്ച് കാസ സുപ്രീംകോടതിയിൽ

തിരുവനന്തപുരം: വഖഫ് നിയമ ഭേദഗതിയെ പിന്തുണച്ച് കാസ (ക്രിസ്ത്യൻ അലയൻസ് ആൻറ് അസോസിയേഷൻ ഫോർ സോഷ്യൽ ആക്ഷൻ) സുപ്രീംകോടതിയിൽ. വഖഫ് ഭേദഗതി നിയമം മുനമ്പം നിവാസികളെ സംബന്ധിച്ചെടുത്തോളം നിർണായകമാണെന്നാണ് കാസ പറയുന്നത്. സുപ്രീം കോടതിയിൽ നിന്ന് ഉണ്ടാകുന്ന ഏത് തീരുമാനവും മുനമ്പം നിവാസികൾക്ക് നിർണായകമാണെന്നും മുസ്ലീം ലീഗ് ഫയൽ ചെയ്ത ഹർജിയിൽ കക്ഷി ചേരാനുള്ള അപേക്ഷയിൽ കാസ നിലപാടെടുത്തു. കേരളത്തിൽ നിന്ന് നിയമത്തെ പിന്തുണച്ച് സുപ്രീംകോടതിയെ സമീപിക്കുന്ന ആദ്യ സംഘടനയാണ് കാസ.

## ഓൺലൈൻ തട്ടിപ്പിലൂടെ യുവാവിന് നഷ്ടമായത് 46 ലക്ഷം; രണ്ട് സിനിമ പ്രവർത്തകർ പിടിയിൽ

കൊച്ചി: ഓൺലൈൻ സാമ്പത്തിക തട്ടിപ്പിൽ സിനിമ പ്രവർത്തകർ പിടിയിൽ. എറണാകുളം പെരിങ്ങാല സ്വദേശി അസോസിയേറ്റ് ഡയറക്ടർ ശ്രീദേവ്, കണ്ണൂർ കണ്ണാടിപറമ്പ് സ്വദേശി കോസ്റ്റ്യൂം ഡിസൈനർ മുഹമ്മദ് റാഫി എന്നിവരാണ് പിടിയിലായത്.

46 ലക്ഷം രൂപയാണ് ഇവർ മട്ടാഞ്ചേരി സ്വദേശിയിൽ നിന്ന് തട്ടിയത്. വാട്സ് ആപ്പിൽ ലിങ്ക് അയച്ച് നൽകിയായിരുന്നു തട്ടിപ്പ്.

ലിങ്ക് വഴി ലോഗിൻ ചെയ്ത ശേഷം പണം നിക്ഷേപിച്ച് റേറ്റിംഗ് നൽകിയാൽ കൂടുതൽ ലാഭം നൽകാം എന്ന് വിശ്വസിപ്പിച്ചായിരുന്നു തട്ടിപ്പ്. പല തവണ പണം നൽകിയിട്ടും തിരികെ ലഭിക്കാതിരുന്നതോടെ യുവാവ് പോലീസിനെ സമീപിക്കുകയായിരുന്നു.

## മുൻ ചീഫ് ജസ്റ്റീസ് ചന്ദ്രചൂഡിനെതിരായ പരാതി; നടപടിക്കായി പേഴ്സണൽ കാര്യമന്ത്രാലയത്തിന് കൈമാറി നിയമ മന്ത്രാലയം

ന്യൂഡൽഹി: സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റീസ് ഡി. വൈ. ചന്ദ്രചൂഡിനെതിരായ പരാതിയിൽ നടപടികൾക്കായി പേഴ്സണൽ കാര്യമന്ത്രാലയത്തിന് കൈമാറി നിയമ മന്ത്രാലയം. പാറ്റ്ന ഹൈക്കോടതി മുൻ ജഡ്ജി രാകേഷ് കുമാറാണ് പരാതിക്കാരൻ.

സാമൂഹിക പ്രവർത്തക ടീസ്റ്റ സെതൽവാദിന് ജാമ്യം നൽകിയതിൽ വഴിവിട്ട ഇടപെടൽ ഉണ്ടായെന്നാണ് പരാതിയിലെ ആരോപണം. സിബിഐ അന്വേഷണം ആവശ്യപ്പെട്ടായിരുന്നു പരാതി. നവംബറിൽ നൽകിയ പരാതിയിലാണ് തുടർനടപടി. 2016 മെയ് 13-നായിരുന്നു ഡി. വൈ. ചന്ദ്രചൂഡ് സുപ്രീം കോടതി ജഡ്ജി ആയി ചുമതലയേൽക്കുന്നത്. അതിനുമുമ്പ് രണ്ട് വർഷവും ഏഴ് മാസവും അലഹബാദ് ഹൈക്കോടതി ചീഫ് ജസ്റ്റീസ് ആയിരുന്നു.

## സ്വിഫ്റ്റ് ബസിന് നേരെ ആക്രമണം; മൂന്ന് പേർ അറസ്റ്റിൽ

കൽപ്പറ്റ: വയനാട്ടിൽ കെഎസ്ആർടിസി സ്വിഫ്റ്റ് ബസിന് നേരെ ആക്രമണം. സംഭവത്തിൽ മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തു. മീനങ്ങാടി സ്വദേശികളായ നിഹാൽ, അൻഷിദ്, ഫെബിൻ എന്നിവരാണ് അറസ്റ്റിലായത്. ബൈക്കുകളിൽ എത്തിയ ഇവർ ബസിന്റെ ചില്ല് തകർക്കുകയായിരുന്നു. ബംഗളൂരുവിൽ നിന്ന് വന്ന ബസിന്റെ ചില്ലാണ് കലെറിഞ്ഞ് പൊട്ടിച്ചത്. വയനാട് താഴേമുട്ടിലിൽ ആണ് സംഭവം. വ്യാഴാഴ്ച രാത്രി ഒന്പരതരക്കാണ് ബസിന് നേരെ ആക്രമണമുണ്ടായത്. പരിക്കേറ്റ ഡ്രൈവർ ഇടുക്കി സ്വദേശി പ്രശാന്ത് ചികിത്സയിലാണ്.

## റഷ്യ-യുക്രെയ്ൻ യുദ്ധം ഉടൻ അവസാനിപ്പിക്കണം; അന്ത്യശാസനവുമായി യുഎസ്

വാഷിംഗ്ടൺ: റഷ്യ - യുക്രൈൻ യുദ്ധം ഉടൻ അവസാനിപ്പിക്കണമെന്ന് യുഎസ്. റഷ്യ - യുക്രൈൻ യുദ്ധം അവസാനിപ്പിക്കാനുള്ള സമാധാന ചർച്ചകൾക്ക് വേണ്ടിയുള്ള ശ്രമങ്ങൾ നീട്ടിക്കൊണ്ടുപോകാൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് ഉദ്ദേശിക്കുന്നില്ലെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വ്യക്തമാക്കി.

ഇനി ചർച്ച നീളാൻ പാടില്ല, ഇങ്ങനെ നീണ്ടു പോകുകയാണെങ്കിൽ സമാധാന ചർച്ച ഉപേക്ഷിക്കാൻ ട്രംപ് തയ്യാറാണ്. സമാധാന ചർച്ചയിൽ വരുംദിവസങ്ങളിൽ വിഷയത്തിൽ പുരോഗതി ഉണ്ടാകുന്നില്ലെങ്കിൽ അമേരിക്ക പിന്മാറുമെന്ന് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ അന്ത്യശാസനം നൽകി.

സമാധാന ചർച്ചയിൽ വളരെ വേഗത്തിൽ തീരുമാനത്തിൽ എത്തണം. ആഴ്ചകളോ മാസങ്ങളോ വലിച്ച് നീട്ടാൻ അമേരിക്ക ആഗ്രഹിക്കുന്നില്ല. സമാധാനകരാർ വരുന്ന ആഴ്ചകൾക്കുള്ളിൽ തന്നെ നടപ്പാക്കണം. അല്ലെങ്കിൽ അമേരിക്ക ചർച്ചയിൽ നിന്നും പിന്മാറുമെന്നും തങ്ങൾക്ക് മറ്റ് കാര്യങ്ങൾക്കായി മുൻഗണന നൽകേണ്ടതുണ്ടെന്നും മാർക്കോ റൂബിയോ വ്യക്തമാക്കി.

പാരിസ് സന്ദർശനത്തിനിടെയാണ് റഷ്യ - യുക്രൈൻ സമാധാന ചർച്ച വൈകുന്നതിലുള്ള അമേരിക്കയുടെ അതൃപ്തി റൂബിയോ തുറന്ന് പറഞ്ഞത്.






സഹകരണ എക്സ്പോ വിളംബര ജാഥ വി കെ പ്രശാന്ത് എം.എൽ.എ ഫ്ലാഗ് ഓഫ് ചെയ്യുന്നു

# സഹകരണ എക്സ്പോ 2025: വിളംബര ജാഥ സംഘടിപ്പിച്ചു

സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സഹകരണ എക്സ്പോ 2025ന്റെ ഭാഗമായി തിരുവനന്തപുരത്ത് വിളംബര ജാഥ നടത്തി. വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആശാൻ സ്ക്വയറിൽ നിന്നും ആരംഭിച്ച ജാഥ കനകക്കുന്നിൽ സമാപിച്ചു. വി കെ പ്രശാന്ത് എം.എൽ.എ ജാഥ ഫ്ലാഗ് ഓഫ് ചെയ്തു. സഹകരന സംഘം രജിസ്ട്രാർ ഡി. സജിത്ത് ബാബു സന്നിഹിതനായിരുന്നു. പ്രമുഖ സഹകാരികൾ, സഹകരണ വകുപ്പ് ജീവനക്കാർ, സഹകര സംഘം രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർ, കേരള ബാങ്കിലെ ജീവനക്കാർ, സംസ്ഥാന സഹകരണ യൂണിയനിലെ ജീവനക്കാർ, സഹകരണ യൂണിയന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ വിദ്യാർഥികളും അധ്യാപകരും, തിരുവനന്തപുരം ജില്ലയിലെ നാല് സർക്കിൾ യൂണിയനുകളിൽ പെട്ട ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾ തുടങ്ങിയവർ വിളംബര ജാഥയുടെ ഭാഗമായി. കളരിപ്പയറ്റ്, റോളർ സ്കേറ്റിങ് എന്നിവയും അരങ്ങേറി.

സഹകരണ എക്സ്പോ മൂന്നാം എഡിഷൻ ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കും. എക്സ്പോയുടെ ഉദ്ഘാടനം ഏപ്രിൽ 23നു വൈകിട്ട് 6.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 2025 അന്തർ ദേശീയ സഹകരണ വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി കൂടിയാണ് ഇത്തവണത്തെ എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.

260 സ്റ്റാളുകളിലായി 400-ൽ പരം സഹകരണ ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണനവും നടക്കും. വിവിധ വിഷയങ്ങളിൽ 12 സെമിനാറുകൾ ഈ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കും. സഹകരണസംഘം രജിസ്ട്രാറുടെയും, ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും, അന്തർദേശിയ തലത്തിൽ പ്രാധാന്യമുള്ള സഹകരണ സംഘങ്ങളും എക്സ്പോയിൽ പങ്കെടുക്കും. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ജഅഇട, ഉൽപ്പാദന രംഗത്തുള്ള സഹകരണ സംഘങ്ങൾ. മറ്റിതര സഹകരണ സംഘങ്ങളും എക്സ്പോയിൽ അണിനിരക്കുന്നുണ്ട്.

# രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജം

## ലോക കരൾ ദിനം: കരളിനെ സംരക്ഷിക്കാം, ആരോഗ്യം ഉറപ്പാക്കാം

ജില്ലാതല ആശുപത്രികളിൽ ആദ്യമായി ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമായി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കരൾ രോഗങ്ങൾ പ്രത്യേകിച്ച് ഫാറ്റി ലിവർ രോഗം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്.

ഇതിനായി ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടമായി മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജമാണ്. തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ അന്തിമഘട്ടത്തിലാണ്. മെഡിക്കൽ കോളേജുകൾക്ക് പുറമേ ഘട്ടംഘട്ടമായി സംസ്ഥാനത്ത് ഉടനീളം ഫാറ്റി ലിവർ ക്ലിനിക്കുകൾ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ജനസംഖ്യയിൽ നല്ലൊരു ശതമാനത്തോളം ആളുകളെ നിശബ്ദമായി ബാധിക്കുന്ന ഒരു രോഗമായി Metabolic Dysfunction Associated Steatotic Liver Disease (MASLD) മാറിയിരിക്കുന്ന സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് നിർണായക ഇടപെടൽ നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ഏപ്രിൽ 19 ലോക കരൾ ദിനമായി ആചരിക്കുന്നു. കരളിന്റെ പ്രാധാന്യത്തെക്കുറിച്ചും കരൾ രോഗങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. 'ഭക്ഷണം മരുന്നാണ്' എന്നതാണ് ഈ വർഷത്തെ ലോക കരൾ ദിനത്തിന്റെ പ്രധാന ആശയം. ആരോഗ്യകരമായ ഭക്ഷണക്രമത്തിലൂടെ കരൾ രോഗങ്ങളെ ഒരു പരിധി വരെ തടയാനും കരളിന്റെ ആരോഗ്യം സംരക്ഷിക്കാനും സാധിക്കും എന്ന് ഈ ആശയം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ജീവിതശൈലിയിലെ മാറ്റങ്ങൾ, ഭക്ഷണക്രമത്തിലെ തെറ്റായ ശീലങ്ങൾ, മദ്യപാനം, വ്യായാമമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ കരൾ രോഗങ്ങൾ വർധിച്ചു വരുന്നതായി കാണുന്നു. ഫാറ്റി ലിവർ, ഹെപ്പറ്റൈറ്റിസ്, സിറോസിസ്, കരൾ കാൻസർ തുടങ്ങിയ ഗുരുതരമായ കരൾ രോഗങ്ങൾ സാധാരണമായി കാണപ്പെടുന്നു. കരളിന്റെ ആരോഗ്യം സംരക്ഷിക്കാൻ ആരോഗ്യകരമായ ഭക്ഷണ ശീലം പിന്തുടരേണ്ടതുണ്ട്. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പ്രോട്ടീൻ അടങ്ങിയ ഭക്ഷണം എന്നിവ ധാരാളമായി കഴിക്കുക. കൊഴുപ്പ് കൂടിയതും സംസ്കരിച്ചതുമായ ഭക്ഷണങ്ങൾ ഒഴിവാക്കുക. ദിവസവും ആവശ്യത്തിന് വെള്ളം കുടിക്കുക, പതിവായ വ്യായാമം ചെയ്യുക, മദ്യപാനം ഒഴിവാക്കുക എന്നിവയെല്ലാം കരളിന്റെ ആരോഗ്യത്തിന് ഗുണകരമാണ്.

വളരെ നേരത്തെ കണ്ടുപിടിച്ച് ചികിത്സിച്ചില്ലെങ്കിൽ കരളിന്റെ പ്രവർത്തനം തന്നെ അപടകടത്തിലായി അതീവ ഗുരുതരാവസ്ഥയിലേക്ക് പോകുന്ന ഒരു രോഗമാണ് ഫാറ്റി ലിവർ. നേരത്തെ കണ്ടുപിടിക്കുന്നതിലൂടെയും ചികിത്സയിലൂടെയും ജീവിതശൈലി മാറ്റങ്ങളിലൂടെയും ഭക്ഷണ ക്രമീകരണത്തിലൂടെയും ഈ രോഗത്തെ നിയന്ത്രിക്കാൻ സാധിക്കും. അതിനായി ഫാറ്റി ലിവർ ക്ലിനിക്കുകൾ ഏറെ സഹായിക്കും. രക്ത പരിശോധനാ ലാബുകൾ, സ്കാനിംഗ് തുടങ്ങി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഫാറ്റി ലിവറിന്റെ കാഠിന്യമറിയാനുള്ള ഫൈബ്രോ സ്കാനിംഗ് മെഷീൻ ഉൾപ്പെടെ സജ്ജമാക്കിയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്.

സാധാരണയായി അമിതവണ്ണം, പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ അവസ്ഥകളിലുള്ളവരിലാണ് ഫാറ്റി ലിവർ കാണപ്പെടുന്നത്. ഫാറ്റി ലിവർ രോഗത്തിന് പലപ്പോഴും ലക്ഷണങ്ങൾ ഉണ്ടാകാറില്ല. അതിനാൽ രോഗം മൂർച്ഛിക്കുമ്പോഴാണ് പലരും ചികിത്സ തേടുന്നത്. വളരെ ലളിതമായ ഒരു പരിശോധനയിലൂടെ കണ്ടുപിടിക്കാവുന്ന രോഗമാണിത്. ഇത് കൂടാതെ ഒരു അൾട്രാ സൗണ്ട് സ്കാനിംഗ് കൂടി നടത്തിയാൽ പെട്ടെന്ന് തന്നെ രോഗം കണ്ടുപിടിക്കാൻ കഴിയുന്നു. ഇതിന്റെ കാഠിന്യം അറിയുന്നതിന് ഫൈബ്രോ സ്കാൻ എന്ന പരിശോധന കൂടി നടത്തുന്നു. ഇതിലൂടെ കരൾ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാനും ജീവൻ രക്ഷിക്കാനും സാധിക്കും.

അതുപോലെ മറ്റൊരു ഗുരുതര അവസ്ഥയാണ് വൈറൽ ഹെപ്പറ്റൈറ്റിസ്. പ്രധാനമായും ഹെപ്പറ്റൈറ്റിസ് ബിയും സിയും. ഹെപ്പറ്റൈറ്റിസ് സി പൂർണ്ണമായും 3 മാസം കൊണ്ട് ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കും. വളരെയധികം ചെലവുള്ള ഈ ചികിത്സയും ഈ ക്ലിനിക്കുകൾ വഴി സൗജന്യമായി ലഭ്യമാണ്.

# അനുശോചനം

അവിദക്ത ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനരംഗത്ത് കൂടി കോൺഗ്രസ് എസ്സിന്റെ സമുന്നത നേതാവായി പ്രവർത്തിച്ച തികഞ്ഞ ഗാന്ധിയനും എ.ഐ.സി.സി അംഗവുമായിരുന്ന കെ.ജി ഗോപിനാഥന്റെ നിര്യാണം കോൺഗ്രസ് എസ്സിനും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും തീരാനഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നതെന്നും അദ്ദേഹത്തിന്റെ നിര്യാണത്തിൽ കോൺഗ്രസ് എസ് അഗാഥമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നുവെന്നും രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രിയും കോൺഗ്രസ് എസ് സംസ്ഥാന പ്രസിഡന്റുമായ കടന്നപ്പള്ളി രാമചന്ദ്രൻ അനുശോചന സന്ദേശത്തിൽ അറിയിച്ചു.

# കൈറ്റിന്റെ ഓൺലൈൻ എ.ഐ. കോഴ്സ്: സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

നിത്യജീവിതത്തിൽ എ.ഐ ടൂളുകൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധാരണക്കാരെ പര്യാപ്തമാക്കുന്ന തരത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തുന്ന ഓൺലൈൻ പരിശീലന പദ്ധതിയുടെ ഒന്നാം ബാച്ചിന്റെ പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഡിജിറ്റൽ സാക്ഷരതയുടെ തുടർച്ചയായി എ.ഐ. സാക്ഷരതയ്ക്ക് കൈറ്റ് മുൻകൈ എടുക്കണമെന്ന് സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്ത കോഴ്സിലെ പഠിതാവ് കൂടിയായ ഗുരുവായൂർ എം.എൽ.എ. എൻ. കെ. അക്ബർ അഭിപ്രായപ്പെട്ടു.

ആദ്യ സർട്ടിഫിക്കറ്റ്, പഠിതാവ് കൂടിയായ കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസ്ലർ ഡോ. ബി. ഇക്ബാൽ കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്തിൽ നിന്ന് ഏറ്റുവാങ്ങി. അടുത്തകാലത്ത് നടന്ന നിശബ്ദ വിദ്യാഭ്യാസ വിപ്ലവമാണ് 'എ.ഐ. എസൻഷ്യൽസ്' ക്ലാസുകളിലൂടെ നടന്നതെന്ന് ഡോ. ബി. ഇക്ബാൽ പറഞ്ഞു. കോഴ്സിന്റെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ ലോഗോ ക്രിയേഷന് മഞ്ജു വിമലിന് ഒന്നും വിനീത് സി.വി.യ്ക്ക് രണ്ടും ബിൻസി ജയപ്രിയന് മൂന്നും സ്ഥാനങ്ങൾ നേടി. അവതാർ ക്രിയേഷനിൽ സുനിൽ കുമാർ കെ., രവീന്ദ്രൻ എം.കെ., ശാന്തി വി.പി. എന്നിവരും പോസ്റ്റർ നിർമാണത്തിൽ അരുൺ പി.ശങ്കർ, ദേവകി ശിവാനി, സുമേഷ് എസ്. എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ആദ്യ ബാച്ചിൽ അഞ്ഞൂറ് പഠിതാക്കളായിരുന്നു. ഓഫീസ് ആവശ്യങ്ങൾ ഉൾപ്പെടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് എ.ഐ. ടൂളുകൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് പഠിപ്പിക്കുന്ന എ.ഐ. എസൻഷ്യൽസ് കോഴ്സിന്റെ രണ്ടാം ബാച്ചിൽ 750 പഠിതാക്കൾ പങ്കെടുക്കുന്നുണ്ട്.

# ഹയർ സെക്കൻഡറി ഓൺലൈൻ ട്രാൻസ്ഫർ: നൽകിയ വിവരങ്ങൾ ഏപ്രിൽ 21 വരെ തിരുത്താം

സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ 2025-26 വർഷത്തേക്കുള്ള ഓൺലൈൻ ജനറൽ ട്രാൻസ്ഫറിനു മുന്നോടിയായി അധ്യാപകർക്ക് അവരുടെ പ്രൊഫൈൽ വിവരങ്ങൾ നൽകാനും നൽകിയ വിവരങ്ങൾ പരിശോധിച്ച് തിരുത്താനും ഏപ്രിൽ 21 (തിങ്കൾ) ഉച്ചയ്ക്ക് 2 മണി വരെ അവസരം ഉണ്ടായിരിക്കും.

ഏപ്രിൽ 21 നകം പ്രിൻസിപ്പൽമാർ ഈ വിവരങ്ങൾ പരിശോധിച്ച് സ്കൂളുകളിൽ നിന്നുള്ള കൃത്യമായ ഒഴിവ് റിപ്പോർട്ട് ചെയ്യണം. സ്കൂളിലെ എല്ലാ അധ്യാപകരുടേയും പ്രൊഫൈൽ കൃത്യമായി അപ്ഡേറ്റ് ചെയ്തു എന്നും വെരിഫൈ ചെയ്തു എന്നും പ്രിൻസിപ്പൽമാർ ഉറപ്പാക്കണം. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം കൃത്യമായ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന ഉത്തരവാദിത്വം പ്രിൻസിപ്പൽമാർക്കായതിനാൽ തെറ്റായ വിവരങ്ങൾ നൽകുന്നത് ട്രാൻസ്ഫർ പ്രക്രിയയെ പ്രതികൂലമായി ബാധിക്കും. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ്റ്റാഫ് ഫിക്സേഷന് ശേഷം കൃത്യമായ സ്കൂളുകൾ കണ്ടെത്താൻ പറ്റാത്ത അധ്യാപകർ, പ്രിൻസിപ്പൽ ട്രാൻസ്ഫർ വഴി അധികമായി നിൽക്കുന്ന അധ്യാപകർ തുടങ്ങിയവരുൾപ്പെടെ ട്രാൻസ്ഫർ പോർട്ടലിൽ ഉൾപ്പെടുത്താനുള്ള സാങ്കേതിക നടപടിക്രമങ്ങളും പോർട്ടലിൽ പുതുതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട സർക്കുലറുകൾ, വീഡിയോ ട്യൂട്ടോറിയലുകൾ, സ്ഥിരമായി ഉന്നയിക്കുന്ന സംശയങ്ങളും മറുപടികളും തുടങ്ങിയവ www.dhsetransfer.kerala.gov.in പോർട്ടലിൽ ലഭ്യമാണ്.

# സഹകരണ എക്സ്പോ ഏപ്രിൽ 21 മുതൽ 30 വരെ

സഹകരണ എക്സ്പോ മൂന്നാം എഡിഷൻ ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കും. എക്സ്പോയുടെ ഉദ്ഘാടനം ഏപ്രിൽ 23-നു വൈകിട്ട് 6.30-ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, ജനപ്രതിനിധികൾ, പ്രമുഖ സഹകാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

കേരളസർക്കാരിന്റെ 100 ദിനപരിപാടിയുടെ ഭാഗമായി 2022 ലാണ് സഹകരണ എക്സ്പോ എന്ന ആശയം രൂപപ്പെടുന്നത്. അതിന്റെ 2 എഡിഷനുകൾ വിജയകരമായി പൂർത്തീകരിച്ചു. 2025 അന്തർ ദേശീയ സഹകരണ വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി കൂടിയാണ് ഇത്തവണത്തെ എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.കേരളീയ സമ്പദ്വ്യവസ്ഥയുടെ പുരോഗതിയിൽ സഹകരണ സംഘങ്ങളുടെ സംഭാവന വിലയിരുത്തുക, ഈ മേഖല പടുത്തുയർത്തിയ മാതൃകകൾ, സാമൂഹികസാമ്പത്തിക വികസനം ലക്ഷ്യമാക്കിയുള്ള പ്രസ്ഥാനത്തിന്റെ വിജയഗാഥകൾ, എന്നിവ സമൂഹത്തിലെത്തിക്കുക എന്നിവയാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുന്നത്.

70,000 സ്ക്വയർ ഫീറ്റ് എയർ കണ്ടീഷൻ ചെയ്ത 260 സ്റ്റാളുകളിലായി 400-ൽ പരം സഹകരണ ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണനവും നടക്കുമെന്ന് മന്ത്രി അറിയിച്ചു. വിവിധ വിഷയങ്ങളിൽ 12 സെമിനാറുകൾ ഈ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കും. കേരളത്തിലെ മന്ത്രിമാർ, എം.എൽ.എ-മാർ, അന്തർ ദേശീയ, ദേശീയതലത്തിലെ മറ്റു പ്രഗത്ഭർ ഉൾപ്പെടെയുള്ളവർ ഈ സെമിനാറുകളിൽ പങ്കെടുക്കും. ഇതിൽ അമേരിക്ക, ഇന്തോനേഷ്യ, ഫിജി, സ്പെയിൻ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നേരിട്ട് പങ്കെടുക്കും. ഓസ്ട്രേലിയ, സ്പെയിൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഓൺലൈനായും സെമിനാറിൽ പങ്കെടുക്കും.

ഫുൾടൈം പെർഫോമിംഗ് സ്റ്റേജും, കൾച്ചറൽ പ്രോഗ്രാമും ഉൾപ്പടെ സാസ്കാരിക സഹകരണ സന്ധ്യ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കും. സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന ജനകീയ പദ്ധതികൾ ഉൾപ്പെട്ട പ്രത്യേക പവലിയൻ, ഇന്ത്യയിലെ വിവിധ സഹകരണ മാതൃകകൾ പരിചയപ്പെടുത്തുന്ന സ്റ്റാളുകൾ എന്നിവയും എക്സ്പോയിൽ ഉണ്ടായിരിക്കും. ഏപ്രിൽ 21 മുതൽ 30 വരെ എല്ലാ ദിവസവും വൈകുന്നേരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ കലാസന്ധ്യകൾ ഒരുക്കും.

സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ലോഞ്ചിംങിനായുള്ള അവസരവും, ഫുഡ് കോർട്ടും എക്സ്പോയുടെ ഭാഗമായി ഉണ്ടാകും. എക്സ്പോയോടനുബന്ധിച്ച് ഏപ്രിൽ 26 വൈകുന്നേരം 5ന് കേരളത്തിലെ പ്രമുഖ സാംസ്കാരിക പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സാംസ്കാരിക സമ്മേളനവും, 27ന് യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യുവ സഹകരണ സമ്മേളനവും നടക്കും. ഏപ്രിൽ 30-ന് എക്സ്പോയുടെ സമാപന സമ്മേളനം നടക്കും. സമ്മേളനത്തിൽ സംസ്ഥാനത്തെ മന്ത്രിമാർ, തമിഴിനാട് സഹകരണ വകപ്പ് മന്ത്രി, ഐ.സി.എ ഏഷ്യ പസഫിക് പ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

സഹകരണസംഘം രജിസ്ട്രാറുടെയും, ഫംഗ്ഷണൽ രജിസ്താർമാരുടെയും നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും, അന്തർദേശിയ തലത്തിൽ പ്രാധാന്യമുള്ള സഹകരണ സംഘങ്ങളും എക്സ്പോയിൽ പങ്കെടുക്കും.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ജഅഇട, ഉൽപ്പാദന രംഗത്തുള്ള സഹകരണ സംഘങ്ങൾ. മറ്റിതര സഹകരണ സംഘങ്ങളും എക്സ്പോയിൽ അണിനിരക്കുന്നുണ്ട്.

# സർക്കാർ ദന്തൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ നിയമനം

തിരുവനന്തപുരം സർക്കാർ ദന്തൽ കോളേജിലെ പിഡോഡോണ്ടിക്സ് വിഭാഗത്തിലേയ്ക് ഒരു സീനിയർ റസിഡന്റ് ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യത പിഡോഡോണ്ടിക്സ് വിഭാഗത്തിൽ എം.ഡി.എസ്, ഡെന്റൽ കൗൺസിൽ രജിസ്ട്രേഷൻ. പ്രായപരിധി 18-40.ഉദ്യോഗാർത്ഥികളുടെ വയസ്സ്, യോഗ്യത, തിരിച്ചറിയൽ, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സൽ പകർപ്പുകൾ സഹിതം തിരുവനന്തപുരം സർക്കാർ ദന്തൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ ഏപ്രിൽ 25 ന് രാവിലെ 10 ന് നടക്കുന്ന കൂടിക്കാഴ്ചക്ക് ഉദ്യോഗാർത്ഥികൾ ഹാജരാകണം. നിയമന കാലാവധി ഒരു വർഷത്തേക്കോ അഥവാ സി.ബി.എസ് സീനിയർ റസിഡന്റിനെ നിയമിക്കുന്നത് വരെയോ ഇതിലേതാണ് ആദ്യം വരുന്നത് അതുവരെ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു

# ജഗതി ഗവ. ബധിര വിദ്യാലയത്തിൽ അഡ്മിഷൻ ആരംഭിച്ചു

കേൾവി പരിമിതരായ വിദ്യാർഥികൾക്കുള്ള സ്ഥാപനമായ ജഗതി ഗവ. ബധിര വിദ്യാലയത്തിൽ ഒന്നുമുതൽ 10 വരെ ക്ലാസുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കേൾവി പരിമിതരായ കുട്ടികൾക്ക് പ്രീ പ്രൈമറി മുതൽ എച്ച്.എസ്, ടി.എച്ച്.എസ്, എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ പഠനം പൂർത്തിയാക്കാനുള്ള അവസരം ലഭ്യമാണ്. ദിവസേന വന്ന് അധ്യയനം നടത്താൻ കഴിയാത്തവർക്കായി ഹോസ്റ്റൽ സംവിധാനം ലഭ്യമാണ്. ഭക്ഷണം, താമസം എന്നിവ സൗജന്യമാണ്. പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരാണ് ക്ലാസുകൾ നൽകുന്നത്. സംസാര പരിശീലന സൗകര്യങ്ങൾ (സ്പീച്ച് തെറാപ്പി), കേൾവി പരിശോധന സംവിധാനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കേൾവി പരിശോധനാ സർട്ടിഫിക്കറ്റുമായി എത്തുന്ന മൂന്ന് വയസ് മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പ്രവേശനം നേടാം. കൂടുതൽ വിവരങ്ങൾക്ക്: 9497000185, 9495037479, 9497016443.

# ഷൈനിന്റെ അറസ്റ്റ് കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിലെന്ന് പൊലീസ്

കൊച്ചി: ലഹരിക്കേസിൽ നടൻ ഷൈൻ ടോം ചാക്കോയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിലെന്ന് കൊച്ചി സെൻട്രൽ എസിപി ജയകുമാർ. വൈദ്യപരിശോധനയ്ക്ക് ശേഷം കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാമെന്ന് അദ്ദേഹം പ്രതികരിച്ചു.

ജാമ്യം കിട്ടാവുന്ന വകുപ്പുകളാണ് ഇപ്പോൾ ചുമത്തിയിട്ടുള്ളത്. ഷൈനിന്റെ മൊഴികൾ വിശദമായി പരിശോധിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വൈദ്യപരിശോധനയ്ക്കായി ഷൈനിനെ നിലവിൽ എറണാകുളം ജനറൽ ആശുപത്രിയിലെത്തിച്ചു. എൻഡിപിഎസ് നിയമത്തിലെ സെക്ഷൻ 27,29 വകുപ്പുകൾ പ്രകാരമാണ് ഷൈനിനെതിരേ കേസെടുത്തത്.

ലഹരി ഉപയോഗം, ലഹരി ഉപയോഗത്തിന് പ്രേരിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്. ഹോട്ടലിലെ ലഹരി പരിശോധനയ്ക്കിടെ ഓടി രക്ഷപെട്ട സംഭവത്തിലാണ് നടനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചത്. ഡാൻസാഫ് സംഘവും സൈബർ സെല്ലും കൊച്ചി നോർത്ത് സ്റ്റേഷനിലെ ലോക്കൽ പോലീസും ചേർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ ഷൈൻ പതറി.

ഹോട്ടലിൽ ഡാൻസാഫ് സംഘം അന്വേഷിച്ചെത്തിയ സജീറിനെ അറിയാമെന്ന് ഷൈൻ സമ്മതിച്ചു. തുടർച്ചയായ ചോദ്യം ചെയ്യലിൽ രാസലഹരി ഉപയോഗിക്കാറുണ്ടെന്നും ഷൈൻ മൊഴി നൽകുകയായിരുന്നു.

ഈ സാഹചര്യത്തിലാണ് പോലീസ് കേസെടുത്തത്. ഷൈനിന്റെ രക്തം, നഖം, മുടി എന്നിവയുടെ സാന്പിൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കും.

# നവജാത ശിശുക്കടത്തില്‍ സുപ്രീം കോടതി; ആശുപത്രിയുടെ ലൈസൻസ് റദ്ദാക്കുകയാണു വേണ്ടത്

ന്യൂഡൽഹി: ആശുപത്രികളിൽനിന്നു നവജാത ശിശുക്കളെ മോഷ്ടിക്കുകയാണെങ്കിൽ ആദ്യനടപടിയായി ബന്ധപ്പെട്ട ആശുപത്രിയുടെ ലൈസൻസ് റദ്ദാക്കുകയാണു വേണ്ടതെന്ന് സുപ്രീംകോടതി.

ഒരു സ്ത്രീ തന്റെ കുഞ്ഞിനെ പ്രസവിക്കാൻ ആശുപത്രിയിൽ എത്തിയാൽ നവജാത ശിശുവിനെ എല്ലാ അർഥതലത്തിലും സംരക്ഷിക്കേണ്ടത് ആശുപത്രി അധികൃതരുടെ ഉത്തരവാദിത്വമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

നവജാത ശിശുക്കളെ കടത്തുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ ആറു മാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കാൻ കീഴ്ക്കോടതികൾക്കു നിർദേശങ്ങൾ നൽകാൻ എല്ലാ ഹൈക്കോടതികളോടും സുപ്രീംകോടതി നിർദേശിച്ചു.

ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനങ്ങൾ പാലിക്കേണ്ട മാർഗനിർദേശവും ജസ്റ്റിസുമാരായ ജെ. ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങുന്ന ബെഞ്ച് നിർദേശിച്ചു.

കുട്ടികളെ കടത്തുന്നതുമായി ബന്ധപ്പെട്ട തീർപ്പാക്കാത്ത കേസുകളുടെ സ്ഥിതി അറിയിക്കാനും വിവിധ ഹൈക്കോടതികളോടു സുപ്രീംകോടതി നിർദേശിച്ചിട്ടുണ്ട്. നിർദേശങ്ങൾ നടപ്പിലാക്കാൻ കാണിക്കുന്ന ഏതൊരു അലംഭാവവും ഗൗരവമായി കണ്ട് കോടതിയലക്ഷ്യമായി കണക്കാക്കുമെന്നും ബെഞ്ച് കൂട്ടിച്ചേർത്തു.

ഉത്തർപ്രദേശിൽനിന്നുള്ള കുട്ടികളെ കടത്തുന്ന സംഘത്തിലെ പ്രതികളിൽ ഒരാൾക്ക് അലഹബാദ് ഹൈക്കോടതി നൽകിയ മുൻകൂർ ജാമ്യത്തിനെതിരേ ഒരു കുട്ടിയുടെ അമ്മ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ വാദം കേട്ട ശേഷമായിരുന്നു കോടതി ഈ നിർദേശങ്ങൾ പുറപ്പെടുവിച്ചത്.

അലഹബാദ് ഹൈക്കോടതിയുടെ നടപടി റദ്ദാക്കിയ സുപ്രീംകോടതി, വിഷയം കൈകാര്യം ചെയ്ത ഹൈക്കോടതിയെയും ഉത്തർപ്രദേശ് സർക്കാരിനെയും രൂക്ഷമായി വിമർശിച്ചു. വിവിധ സംസ്ഥാനങ്ങളിലേക്ക് അഞ്ചു ലക്ഷം രൂപ മുതൽ പത്തു ലക്ഷം രൂപ വരെ ഈടാക്കി കുട്ടികളെ കടത്തുന്ന ഒരു സംഘം ഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നുണ്ടെന്നായിരുന്നു കഴിഞ്ഞദിവസം പ്രമുഖ ദേശീയ ദിനപത്രം പ്രസിദ്ധീകരിച്ച ലേഖനം.

ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ കടത്തുന്ന സംഘങ്ങളെ നേരിടാൻ രാജ്യതലസ്ഥാനത്ത് എന്തു നടപടിയാണു സ്വീകരിച്ചതെന്ന റിപ്പോർട്ട് നൽകാൻ ഡൽഹി പോലീസിനോടു നിർദേശിച്ചതായും കോടതി വ്യക്തമാക്കി. കേസ് ഈ മാസം 21ന് വീണ്ടും പരിഗണിക്കും.

# കാമുകനൊപ്പം ജീവിക്കാൻ യുവതി മൂന്നു മക്കളെ കൊലപ്പെടുത്തി

ഹൈദരാബാദ്: തെലങ്കാനയിലെ സങ്കറെഡ്ഡിയിൽ യുവതി മൂന്ന് മക്കളെ വിഷം നൽകി കൊലപ്പെടുത്തി. സങ്കറെഡ്ഡി സ്വദേശിനി രജിതയാണ് മക്കളെ കൊലപ്പെടുത്തിയത്.

രജിതയുടെ മക്കളായ സായ് കൃഷ്ണ (12), മധുപ്രിയ (10), ഗൗതം (8) എന്നിവരാണ് മരിച്ചത്. സ്കൂളിലെ പൂർവ വിദ്യാർഥി സംഗമത്തിനിടെ കണ്ടുമുട്ടിയ പഴയ സുഹൃത്തിനൊപ്പം ജീവിക്കാനാണ് 45 വയസുള്ള രജിത മക്കളെ കൊന്നത്. അത്താഴത്തിന് തൈരിൽ വിഷം ചേർത്താണ് രജിത മക്കൾക്ക് നൽകിയത്. ഭക്ഷണം കഴിച്ചതിനു പിന്നാലെ കുട്ടികൾക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടു. മക്കളെ കൊലപ്പെടുത്തിയതിനു ശേഷം രജിതയും വിഷം കഴിച്ചു. ഇതിനിടെ, ജോലി കഴിഞ്ഞ് വീട്ടിലെത്തിയ രജിതയുടെ ഭർത്താവ് ചെന്നയ്യ അനക്കമില്ലാതെ കിടക്കുന്ന മക്കളെയാണ് കണ്ടത്. വയറു വേദനിക്കുന്നെന്ന് രജിത പറഞ്ഞതോടെ ചെന്നയ്യ ഉടൻ ഇവരെ ആശുപത്രിയിൽ എത്തിച്ചു.

കേസിന്റെ ആദ്യഘട്ടത്തിൽ പോലീസിനു ചെന്നയ്യയെ ആയിരുന്നു സംശയം. എന്നാൽ വിശദമായ അന്വേഷണത്തിൽ പ്രതി രജിതയാണെന്ന് കണ്ടെത്തുകയായിരുന്നു. ഇവർ പഠിച്ച സ്കൂളിൽ അടുത്തിടെ പൂർവ വിദ്യാർഥി സംഗമം നടന്നിരുന്നു. ഇവിടെ വച്ചാണ് പഴയ സുഹൃത്തിനെ കണ്ടുമുട്ടിയത്. പൂർവ വിദ്യാർഥി സംഗമം കഴിഞ്ഞതോടെ ഇരുവരും തമ്മിൽ സൗഹൃദം ബലപ്പെട്ടു. ഇതു വൈകാതെ പ്രണയത്തിലേക്ക് വഴിമാറുകയായിരുന്നു. പഴയ കൂട്ടുകാരനൊപ്പം ജീവിക്കണമെന്ന ആഗ്രഹത്തിന് മക്കൾ തടസമാകുമെന്ന് കണ്ടതോടെയാണ് മൂന്നു പേരെയും കൊലപ്പെടുത്താൻ രജിത തീരുമാനിച്ചതെന്ന് പോലീസ് പറയുന്നു.

# വിദൂരഗ്രഹത്തിൽ ജീവൻ തെളിവുണ്ടെന്ന് ഗവേഷകർ

ലണ്ടൻ: ഭൂമിയിൽനിന്ന് 124 പ്രകാശവർഷം അകലെയുള്ള 'കെ2-18ബി' ഗ്രഹത്തിൽ ജീവനുണ്ടാകാമെന്ന വാദത്തിന് ശക്തിപകരുന്ന തെളിവുകൾ ലഭിച്ചതായി ഗവേഷകർ.

ചിങ്ങരാശിയിൽ സ്ഥിതി ചെയ്യുന്ന ഗ്രഹത്തിൽ ഡൈമെത്തൈൽ സൾഫൈഡ്, ഡൈമെത്തൈൽ ഡൈസൾഫൈഡ് എന്നീ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം കണ്ടെത്തിയതാണ് ഇതിനു കാരണം. സമുദ്രങ്ങളിലെ ഏകകോശ ജീവികൾ മാത്രമാണ് ഈ രാസപദാർഥങ്ങൾ ഉത്പാദിപ്പിക്കാറ്. കേംബ്രിജ് യൂണിവേഴ്സിറ്റിയിലെ പ്രഫ. നിക്കു മധുസൂദനന്റെ നേതൃത്വത്തിലുള്ള സംഘം, ജയിംസ് വെബ് ബഹിരാകാശ ടെലിസ്കോപ് ഉപയോഗിച്ചു നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ.

സൗരയൂഥത്തിനു പുറത്ത് ജീവനുണ്ടെന്നതിന്റെ ഏറ്റവും ശക്തമായ തെളിവാണു ലഭിച്ചിരിക്കുന്നതെന്ന് പ്രഫ. മധുസൂദനൻ പറഞ്ഞു. ഭൂമിയേക്കാൾ ഒന്പതിരട്ടി വലിപ്പമുള്ള ഈ ഗ്രഹം സൂര്യന്റെ പാതിയിൽ താഴെ വലിപ്പമുള്ള ഒരു ചുവന്ന കുള്ളൻ നക്ഷത്രത്തെയാണു ഭ്രമണം ചെയ്യുന്നത്. 2019ൽ ഗ്രഹാന്തരീക്ഷത്തിൽ നീരാവി കണ്ടെത്തിയെന്ന അവകാശവാദം ഉയർന്നിരുന്നു. സൗരയൂഥത്തിനു പുറത്ത് ജീവൻ ഉണ്ടാകാൻ സാധ്യത ഏറ്റവും കൂടിയ ഗ്രഹം ഇതാണെന്ന നിഗമനവും പിന്നാലെയുണ്ടായി.

എന്നാൽ, മീതേൻ വാതകസാന്നിധ്യത്തെ നീരാവിയായി തെറ്റിദ്ധരിക്കുകയായിരുന്നുവെന്ന് പ്രഫ. മധുസൂദനന്റെ നേതൃത്വത്തിലുള്ള സംഘം തുടർപഠനങ്ങളിൽ സ്ഥിരീകരിച്ചു.

# മലപ്പുറത്ത് വിദ്യാർഥിനി വീട്ടിൽ മരിച്ച നിലയിൽ

മലപ്പുറം: കൊണ്ടോട്ടിയിൽ കോളജ് വിദ്യാർഥിനി വീട്ടിൽ മരിച്ച നിലയിൽ. നീറാട് എളയിടത്ത് ഉമറലിയുടെ മകൾ മെഹറുബ(20) ആണ് മരിച്ചത്.

പുലർച്ചെ രണ്ടോടെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. കൊണ്ടോട്ടി ഗവ. കോളജിൽ രണ്ടാം വർഷ ബിഎ (ഉറുദു ) വിദ്യാർഥിയാണ്.

# കാർഷിക മേഖലയിൽ പുത്തൻ കുതിപ്പുമായി കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെൻറ് പ്രോഗ്രാം (കെ–ടാപ്)

തിരുവനന്തപുരം; കാർഷിക രംഗത്തെ ആധുനികവൽക്കരണവും വനിതാ കർഷകർക്ക് സുസ്ഥിര വരുമാനലഭ്യതയും ലക്ഷ്യമിട്ട് കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെൻറ് പ്രോഗ്രാ(കെ-ടാപ്)മുമായി കുടുംബശ്രീ. കൃഷിയിലും അനുബന്ധ മേഖലകളിലും നവീന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ ഉല്പാദനം, മൂല്യവർധിത ഉൽപന്ന നിർമാണം, സംസ്ക്കരണം, വിപണനം തുടങ്ങി കൃഷിയുടെ സമസ്ത മേഖലകളിലും മുന്നേറ്റം കൈവരിച്ചു കൊണ്ട് വനിതകൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഇന്ത്യയിലെ പ്രശസ്ത കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് കേന്ദ്രീകൃത സാങ്കേതികവിദ്യാ ശേഖരം തയ്യാറാക്കി. ഇതുപ്രകാരം 180-ലേറെ പുതിയ സാങ്കേതിക വിദ്യകൾ കുടുംബശ്രീ സ്വന്തമാക്കിയിട്ടുണ്ട്.

കാർഷിക മേഖലയുടെ നവീകരണത്തിനും വനിതാ കർഷകരുടെ ശാക്തീകരണത്തിനും കുടുംബശ്രീ ഇത്രയേറെ സാങ്കേതിക വിദ്യകൾ സ്വന്തമാക്കുന്നത് ഇതാദ്യമാണ്. കുടുംബശ്രീ മുഖേന നിലവിൽ നടപ്പാക്കി വരുന്ന കാർഷിക പ്രവർത്തനങ്ങളുടെ മുഖച്ഛായ മാറ്റുന്നതാണ് പുതിയ പദ്ധതി. നിലവിൽ കുടുംബശ്രീക്ക് കീഴിലുള്ള 92442 കർഷക സംഘങ്ങളിലെ 4.3 ലക്ഷത്തോളം വനിതകൾ മുഖേന സംസ്ഥാനമൊട്ടാകെ നെല്ല്, വാഴ, വിവിധ പച്ചക്കറികൾ, പഴവർഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നുണ്ട്. കൂടാതെ പ്രൊഡ്യൂസർ ഗ്രൂപ്പുകൾ, കാർഷിക സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവയും പ്രവർത്തിക്കുന്നു. ഇപ്രകാരം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് അവരുടെ ഉപജീവന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ പുതിയ ടെക്നോളജി ബാങ്ക് മുഖേന കുടുംബശ്രീ സഹായമെത്തിക്കും. നിലവിൽ മികച്ച രീതിയിൽ കൃഷിയും അനുബന്ധ ബിസിനസുകളും ചെയ്യുന്ന സംരംഭകരെ ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് രാജ്യത്തെ പ്രമുഖ കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടാകും പരിശീലനം നൽകുക. പുതിയ പദ്ധതി നടപ്പാകുന്നത് ഇവർക്ക് വരുമാനവർധനവിന് വഴിയൊരുക്കും. കാർഷിക ഉൽപന്നങ്ങളുടെ സംസ്ക്കരണം, ചെറുധാന്യങ്ങളുടെ മൂല്യവർധനവ്, നാളികേര ഉൽപന്നങ്ങൾ, പരിസ്ഥിതി സൗഹൃദ പാക്കേജിങ്ങ് തുടങ്ങിയ മേഖലകളിലും വലിയ കുതിപ്പാണ് പ്രതീക്ഷിക്കുന്നത്. ജൈവ ഉല്പാദന രീതികൾ, സ്മാർട്ട് ഫാമിങ്ങ്, പായ്ക്കിങ്ങ്, ബ്രാൻഡിങ്ങ്, ലൈസൻസ് ലഭ്യമാക്കൽ തുടങ്ങിയവ നവീകരിക്കുന്നതിനും സാങ്കേതിക വിദ്യ ഉപയോഗിക്കും. ഇത് നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും വരുമാനവർധനവിനും വഴിയൊരുക്കും. നിലവിൽ ഉൽപന്ന വിപണനം നേരിടുന്ന എല്ലാ പരിമിതികളെയും മറികടക്കാനുള്ള ആസൂത്രണവും പദ്ധതിയിലുണ്ട്. ഇതിനായി കയറ്റുമതി കൂടി ലക്ഷ്യമിട്ടുകൊണ്ട് പ്രീമിയം ലെവൽ ഉൽപന്നങ്ങളായിരിക്കും തയ്യാറാക്കുക. ദേശീയ അന്തർദേശീയ വിപണികളിൽ കുടുംബശ്രീ കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനാവശ്യമായ സർട്ടിഫിക്കേഷനുകളും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പു വരുത്തിയാകും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

കുടുംബശ്രീയുടെ യുവനിരയായ ഓക്സിലറി ഗ്രൂപ്പ് ഉൾപ്പെടെ യുവതലമുറയിൽ നിന്നു കൂടി മികച്ച കാർഷിക സംരംഭകരെ കണ്ടെത്താൻ കെ-ടാപ് പദ്ധതി പ്രയോജനപ്പെടുത്തും. കാർഷിക രംഗത്ത് മികച്ച കരിയർ കണ്ടെത്താൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഇതിനായി ഇവർക്ക് ആധുനിക കൃഷിരീതികളും സംസ്ക്കരണ സാങ്കേതിക വിദ്യകളും പരിചയപ്പെടുത്തും. സംരംഭകശേഷി വികസന പരിശീലനങ്ങളും നൽകും.

# ഇറാനെ ആക്രമിക്കാനുള്ള ഇസ്രേലി പദ്ധതി ട്രംപ് തള്ളി

വാഷിംഗ്ടൺ ഡിസി: ഇറാന്റെ ആണവകേന്ദ്രങ്ങളിൽ ആക്രമണം നടത്താനായി ഇസ്രയേൽ മുന്നോട്ടുവച്ച പദ്ധതി യുഎസ് പ്രസിഡൻറ് ട്രംപ് നിരസിച്ചതായി ന്യൂയോർക്ക് ടൈംസ് പത്രം റിപ്പോർട്ട് ചെയ്തു. പകരം നയതന്ത്രമാർഗത്തിൽ വിഷയം കൈകാര്യം ചെയ്യാനാണു ട്രംപ് തീരുമാനിച്ചത്.

ഇറാൻ അണ്വായുധം നിർമിക്കാതിരിക്കാനായി മേയ് ആദ്യം ആക്രമണം നടത്താനാണ് ഇസ്രയേൽ പദ്ധതിയിട്ടത്. കമാൻഡോ റെയ്ഡുകൾക്കു പുറമേ ഒരാഴ്ചയിലധികം നീളുന്ന ബോംബിംഗും പദ്ധതിയിൽ നിർദേശിച്ചിരുന്നു. ട്രംപ് പദ്ധതി അംഗീകരിക്കുമെന്നു മാത്രമല്ല, പിന്തുണ നല്കുമെന്നും ഇസ്രയേൽ പ്രതീക്ഷിച്ചിരുന്നു.

എന്നാൽ, ഇത്തരമൊരാക്രമണം വ്യാപകയുദ്ധത്തിന് വഴിതുറക്കുമെന്നു വൈസ് പ്രസിഡൻറ് ജെ. ഡി. വാൻസ്, പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത്, നാഷണൽ ഇൻറലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡ് എന്നിവർ ആശങ്ക പ്രകടിപ്പിച്ചു. ഇതേത്തുടർന്ന് ഈ മാസം ആദ്യം ട്രംപ് പദ്ധതി നിരസിച്ചതായി റിപ്പോർട്ടിൽ പറയുന്നു.

# ഫ്രാൻസിൽ ഈസ്റ്ററിന് ജ്ഞാനസ്നാനം സ്വീകരിക്കുന്നത് 17,800 പേർ

പാരീസ്: ഫ്രാൻസിന്റെ വിവിധ ഭാഗങ്ങളിൽ ഈസ്റ്ററിന് ജ്ഞാനസ്നാനം സ്വീകരിക്കാൻ ഒരുങ്ങുന്നത് 17,800 പേർ. 2024 ലെ കണക്കുകളെ അപേക്ഷിച്ച് പുതുതായി കത്തോലിക്കാവിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ 45% വർധനവാണുള്ളതെന്ന് ഫ്രഞ്ച് ബിഷപ്സ് കോൺഫറൻസ് പുറത്തുവിട്ട കണക്കിൽ പറയുന്നു.

കത്തോലിക്കാ വിശ്വാസം പുൽകാൻ ഒരുങ്ങുന്നവരിൽ 10, 384 പ്രായപൂർത്തിയായവരും 11-17 വയസിനിടയിലുള്ള 7,400 പേരും ഉൾപ്പെടുന്നു. പ്രായപൂർത്തിയായവരിൽ 42% വിദ്യാർഥികളും യുവ പ്രൊഫഷണലുകളും 18-25 പ്രായക്കാരുമാണ്. യുവജനങ്ങളാൽ നയിക്കപ്പെടുന്ന ഈ ആത്മീയ ഉണർവ് സഭയുടെ സുവിശേഷവത്കരണ മേഖലയിലുണ്ടായ വൻ മാറ്റം വ്യക്തമാക്കുന്നുവെന്ന് ഫ്രഞ്ച് മെത്രാൻ സമിതി വിലയിരുത്തി. ഈ വർഷം രാജ്യത്ത് വിഭൂതി ബുധനാഴ്ച നടന്ന വിവിധ വിശുദ്ധ കുർബാനകളിൽ അഭൂതപൂർവമായ പങ്കാളിത്തം റിപ്പോർട്ട് ചെയ്തിരുന്നു.

ബ്രിട്ടനിൽ 2018നും 2024നും ഇടയിൽ പള്ളികളിലെത്തുന്നവരുടെ എണ്ണം 50 ശതമാനത്തിലേറെ വർധിച്ചുവെന്ന് അടുത്തിടെ റിപ്പോർട്ടുണ്ടായിരിന്നു. യൂറോപ്പിലെ മറ്റിടങ്ങളിലും സമാനമായ പ്രതിഫലനം കാണുന്നത് ഭൂഖണ്ഡത്തിലെ ക്രൈസ്തവ വിശ്വാസത്തിന്റെ പുനരുജ്ജീവനമായാണ് വിലയിരുത്തുന്നത്.

# ട്രംപിന്റെ പ്രതികാരം ഹാർവാർഡിനു നേരേയും

വാഷിംഗ്ടൺ ഡിസി: അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ പ്രതികാര നടപടി ലോകപ്രശസ്ത സർവകലാശാലയായ ഹാർവാർഡിനു നേരേയും. സർവകലാശാലയ്ക്കുള്ള 2.2 ബില്യൺ ഡോളറിന്റെ ഫെഡറൽ ഫണ്ടിംഗ് മരവിപ്പിച്ചു.

കാമ്പസിലെ സാമൂഹിക, രാഷ്ട്രീയ പരിപാടികൾ പരിമിതപ്പെടുത്തണമെന്ന ട്രംപിന്റെ നിബന്ധന അംഗീകരിക്കാതിരുന്നതോടെയാണ് പ്രതികാരനടപടി. വെള്ളിയാഴ്ച സർവകലാശാലയ്ക്കയച്ച കത്തിൽ മെറിറ്റ് അധിഷ്ഠിത പ്രവേശനം, നിയമനം തുടങ്ങി നിരവധി പരിഷ്കാരങ്ങളാണു ട്രംപ് ഭരണകൂടം നിർദേശിച്ചത്. അമേരിക്കൻ മൂല്യങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കുന്ന വിദ്യാർഥികളുടെ വിവരങ്ങൾ സർക്കാരിനു റിപ്പോർട്ട് ചെയ്യുക, ജൂതവിരുദ്ധത പ്രകടമാകുന്ന പരിപാടികളും സർവകലാശാല ഡിപ്പാർട്ട്മെൻറുകളും പരിശോധിക്കുന്നതിനു സർവകലാശാലയ്ക്കു പുറത്തുനിന്നുള്ള സർക്കാർ അംഗീകൃത കക്ഷിയെ നിയമിക്കുക തുടങ്ങിയവയും നിർദേശങ്ങളിൽ ഉൾപ്പെടുന്നു. ജൂതവിരുദ്ധത അവസാനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതെന്നു പറയുന്ന നിർദേശങ്ങളിലെ ഭൂരിഭാഗവും സർവകലാശാലയെ നേരിട്ട് നിയന്ത്രിക്കാൻ ഉദ്ദേശിച്ചുള്ളതാണെന്നു ഹാർവാർഡ് പ്രസിഡൻറ് അലൻ ഗാർബർ പറഞ്ഞു. സർക്കാർ നിർദേശങ്ങൾ സർവകലാശാലയുടെ അവകാശങ്ങൾ ഹനിക്കുന്നതാണ്.

സ്വകാര്യ സർവകലാശാലകളിലെ പഠനവിഷയങ്ങൾ, വിദ്യാർഥികളുടെ പ്രവേശനം, നിയമനം, ഏതൊക്കെ പഠന, ഗവേഷണ മേഖലകൾ പിന്തുടരാം എന്നുള്ളവയിൽ നിർദേശം വയ്ക്കാൻ ഒരു സർക്കാരിനും കഴിയില്ല.

ജൂതവിരുദ്ധത പരിഹരിക്കുന്നതിനു സർവകലാശാല വിപുലമായ പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ട്രംപിന്റെ രാഷ്ട്രീയ അജൻഡ നടപ്പിലാക്കുന്നതിനുവേണ്ടി അക്കഡേമിക് സ്ഥാപനങ്ങളെ സമ്മർദത്തിലാക്കാനുള്ള വിശാലമായ നീക്കത്തിന്റെ ഭാഗമാണിതെന്നും സർവകലാശാല ആരോപിച്ചു. നേരത്തേ ട്രംപിന്റെ സമാനഭീഷണിക്കു കൊളംബിയ സർവകലാശാല വഴങ്ങിയിരുന്നു.

# ട്രംപിന് തടയിട്ട് ഇന്ത്യൻ വംശജയായ ജഡ്ജി

ന്യൂയോർക്ക്: ലാറ്റിനമേരിക്കൻ രാജ്യക്കാർക്കുള്ള ഇമിഗ്രേഷൻ പരോൾ നിർത്തലാക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ നീക്കത്തിനു തടയിട്ട് ഇന്ത്യൻ വംശജയായ ജഡ്ജി ഇന്ദിര തൽവാനി.നാല് ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നുള്ളവരെ യുഎസിൽ താമസിക്കാൻ അനുവദിക്കുന്ന മുൻ ബൈഡൻ ഭരണകൂടത്തിന്റെ പരോൾ പദ്ധതിയാണ് അവസാനിപ്പിക്കാൻ ട്രംപ് നീക്കം നടത്തിയത്. ജോലി ചെയ്യാനുള്ള അനുമതിയോടെ രണ്ടു വർഷത്തേക്ക് അമേരിക്കയിൽ താമസിക്കാനാണ് അനുവദിച്ചിരുന്നത്. ക്യൂബ, ഹെയ്തി, നിക്കരാഗ്വ, വെനിസ്വേല എന്നിവിടങ്ങളിൽനിന്നുള്ള ലക്ഷക്കണക്കിനു കുടിയേറ്റക്കാർക്ക് ട്രംപിന്റെ നടപടി തിരിച്ചടിയാകുമായിരുന്നു. ഈ രാജ്യങ്ങളിൽനിന്നുള്ള കുടിയേറ്റക്കാരെ വളരെവേഗം നാടുകടത്താനുള്ള ട്രംപിന്റെ നീക്കത്തിനു ബോസ്റ്റണിലെ ഫെഡറൽ ജഡ്ജി തൽവാനിയുടെ വിധി തടസമാകും.

2022ൽ ജോ ബൈഡൻ അവതരിപ്പിച്ച 'പരോൾ' പദ്ധതി പ്രകാരം ക്യൂബ, ഹെയ്തി, നിക്കരാഗ്വ, വെനിസ്വേല എന്നീ രാജ്യങ്ങളിൽ നിന്നു പ്രതിമാസം 30, 000 കുടിയേറ്റക്കാർക്ക് യുഎസിലേക്കു വരാൻ അനുവാദമുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യത്തിൽ യുഎസിലെത്തിയ ഏകദേശം 5,32,000 കുടിയേറ്റക്കാരുടെ നിയമപരമായ സംരക്ഷണങ്ങൾ കഴിഞ്ഞ മാസം ട്രംപ് ഭരണകൂടം റദ്ദാക്കിയിരുന്നു. ഈ ഉത്തരവാണ് തൽവാനിയുടെ കോടതി സ്റ്റേ ചെയ്തത്.

കുടിയേറ്റ നിയമത്തിന്റെ തെറ്റായ വ്യാഖ്യാനമാണ് ട്രംപ് ഭരണകൂടം നടത്തിയതെന്ന് വിധിയിൽ തൽവാനി പറഞ്ഞു. നിയമവിരുദ്ധമായി അമേരിക്കയിൽ പ്രവേശിക്കുന്നവരെ വേഗത്തിൽ പുറത്താക്കാൻ കഴിയും. എന്നാൽ, പരോൾ പദ്ധതിയിൽ രാജ്യത്ത് പ്രവേശിച്ചവർക്കു ട്രംപിന്റെ ഉത്തരവ് ബാധകമല്ലെന്നും അവർ വിധിയിൽ പറഞ്ഞു.

# അനാവശ്യ പരാമർശം അരുത്: ജഡ്ജിമാരോട് സുപ്രീം കോടതി

ന്യൂഡൽഹി: പീഡനക്കേസ് ഇരയ്ക്കെതിരേ അലഹബാദ് ഹൈക്കോടതി നടത്തിയ തരത്തിലുള്ള പരാമർശം ഇനി ഒരിക്കലുമുണ്ടാകരുതെന്ന കർശനനിർദേശവുമായി സുപ്രീംകോടതി.

ബലാത്സംഗക്കേസിൽ പ്രതിക്കു ജാമ്യം അനുവദിച്ച അലഹബാദ് ഹൈക്കോടതി ഇരയായ സ്ത്രീ 'സ്വയം കുഴപ്പങ്ങൾ ക്ഷണിച്ചു വരുത്തി'യതാണെന്ന തരത്തിൽ വിവാദ പരാമർശം നടത്തിയതിനാണു ജസ്റ്റീസുമാരായ ബി. ആർ. ഗവായ്, എ. ജി. മസിഹ് എന്നിവരടങ്ങിയ ബെഞ്ച് രൂക്ഷ പരാമർശം നടത്തിയത്.

സ്ത്രീയുടെ മാറിടത്തിൽ സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കുന്നതും ബലാത്സംഗമോ ബലാത്സംഗ ശ്രമമോ ആയി കാണാൻ കഴിയില്ലെന്ന അലഹബാദ് ഹൈക്കോടതിയുടെ മറ്റൊരു വിവാദ പരാമർശത്തിനെതിരേ സുപ്രീംകോടതി സ്വമേധയാ സ്വീകരിച്ച കേസ് പരിഗണിക്കുന്നതിനിടെയായിരുന്നു ഇരയ്ക്കെതിരേ പരാമർശം നടത്തിയതിന് ജഡ്ജിമാർക്കു മുന്നറിയിപ്പ് നൽകിയത്.

ഡൽഹിയിലെ ബാറിൽ കണ്ടുമുട്ടിയ ഒരു സ്ത്രീയെ ബലാത്സംഗം ചെയ്തുവെന്നാരോപിച്ച് 2024 ഡിസംബറിൽ അറസ്റ്റിലായ പ്രതിക്ക് ജാമ്യം അനുവദിച്ചുകൊണ്ട് കഴിഞ്ഞ മാസം 11ന് അലഹബാദ് ഹൈക്കോടതി ഹൈക്കോടതി ജഡ്ജി സഞ്ജയ് കുമാർ സിംഗ് ആയിരുന്നു വിവാദ പരാമർശം നടത്തിയത്.

# മുംബൈ ഭീകരാക്രമണം; ഹെഡ്‌ലിയെ എൻഐഎ ചോദ്യം ചെയ്യും

ന്യൂഡൽഹി: മുംബൈ ഭീകരാക്രമണത്തിന്റെ മുഖ്യസൂത്രധാരനായ ഡേവിഡ് കോൾമാൻ ഹെഡ്‌ലിയെ എൻഐഎ ചോദ്യം ചെയ്യാൻ നീക്കം ആരംഭിച്ചു. തഹാവൂർ ഹുസൈൻ റാണയിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് എൻഐഎയുടെ പുതിയ നീക്കം.ഹെഡ്‌ലി ഇപ്പോൾ അമേരിക്കയിൽ തടവിലാണുള്ളത്. റാണയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെന്ന നിലയിലാണ് ഹെഡ്‌ലി മുംബൈയിൽ എത്തിയത്. ആദ്യമായി മുംബൈയിൽ എത്തിയ ഇയാൾക്ക് റാണയുടെ നിർദേശപ്രകാരം ബഷീർ ഷെയ്ക്ക് എന്ന വ്യക്തിയാണ് സൗകര്യങ്ങൾ ഏർപ്പാടാക്കിയതെന്ന് എൻഐഎ കണ്ടെത്തിയിരുന്നു.റാണയ്ക്ക് ഇന്ത്യയിൽ ഏതെങ്കിലും സംഘടനയായോ സംഘങ്ങളുമായോ ബന്ധമുണ്ടായിരുന്നോ എന്ന് അറിയാൻ എൻഐഎ ശ്രമം തുടങ്ങി. ആദ്യദിവസങ്ങളിൽ ചോദ്യം ചെയ്യലിനോട് നിസഹകരിച്ചിരുന്ന റാണ ഇപ്പോൾ സഹകരിക്കുന്നുണ്ടെന്ന് എൻഐഎ വൃത്തങ്ങൾ വ്യക്തമാക്കി.

# ബംഗ്ലാദേശ് സർക്കാർ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടു; വിദേശകാര്യ മന്ത്രാലയം

ന്യൂഡൽഹി: ബംഗ്ലാദേശിലെ ഹിന്ദു സംഘടനാ നേതാവ് ഭാബേഷ് ചന്ദ്ര റോയിയെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിൽ ശക്തമായ പ്രതികരണവുമായി ഇന്ത്യ. ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ ന്യൂനപക്ഷ സമുദായങ്ങളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. മുൻ കാലങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണം നടത്തിയവർക്കെതിരെ നടപടി എടുത്തിരുന്നുവെങ്കിൽ ഇപ്പോൾ ഈ സംഭവം ഉണ്ടാകുമായിരുന്നില്ല. ഇപ്പോൾ ഉണ്ടായ സംഭവം അപലപിനീയമാണെന്നും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും വിദേശകാര്യ മന്ത്രാലയം ഇറക്കിയ പ്രസ്താവനയിൽ പറയുന്നു. ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിൽ നരേന്ദ്ര മോദി അടുത്തിടെ ബംഗ്ലാദേശ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിനെ വിമർശിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ രംഗത്ത് എത്തി. പൂജ ഉദ്ജപാൻ പരിഷദ് എന്ന സംഘടനയുടെ നേതാവായ ഭാബേഷ് ചന്ദ്ര റോയിയെ വ്യാഴാഴ്ചയാണ് ബൈക്കിലെത്തിയ സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# BIZ-ADANI PORTS-ACQUISITION

## Adani Ports to acquire Australian terminal in USD 2.4 bn non-cash deal

New Delhi : Adani Ports and SEZ Ltd, India's biggest private port operator, announced on Thursday a USD 2.4 billion non-cash acquisition of a coal export terminal in Australia from a group company to strengthen its presence in the Asia-Pacific region.

The Board of APSEZ "approved the acquisition of Abbot Point Port Holdings Pte Ltd (APPH), Singapore, from Carmichael Rail and Port Singapore Holdings Pte Ltd, Singapore (CRPSHPL)", the company said in a statement.

CRPSHPL is a related party.

APPH owns the entities which own and operate the North Queensland Export Terminal, a dedicated export terminal with a current nameplate capacity of 50 million tonnes per annum (MTPA). The terminal is located at the Port of Abbot Point, approximately 25 km north of Bowen in North Queensland on Australia's east coast.

APSEZ had originally, in 2011, acquired the North Queensland Export Terminal (NQXT) at Abbott Point for USD 2 billion. Two years later, in 2013, the Adani family purchased the asset from APSEZ for the same amount, along with the capital invested, enabling the company to concentrate on expanding its domestic operations.

Now, with a strengthened balance sheet and a dominant position in India, APSEZ is reacquiring the terminal as part of its global growth strategy.

"The transaction will be completed on a non-cash basis. APSEZ will issue 14.38 crore new equity shares to CRPSHPL in exchange for the acquisition of 100 per cent interest in APPH. This is based on an enterprise value of NQXT of Australian Dollar 3.975 billion (about USD 2.4 billion)," the statement said.

The acquisition is valued at almost similar levels to the transfer done in 2013. This valuation is despite capital investments, growth and inflation of the past 12 years and at slightly discounted multiples to the recent deals in the region.

"As part of the transaction, APSEZ will also assume other non-core assets and liabilities on APPH's balance sheet, which APSEZ will realise within a few months of the acquisition (zero net impact on the transaction valuation). APSEZ's leverage will remain at similar levels post the transaction," the statement said without giving details of the liabilities.

The acquisition will accelerate the APSEZ's target of doubling its volumes to 1 billion tonnes per annum by FY30, with a potential to near quadruple its volume - from 35 million tonnes in FY25 to 120 million tonnes, including potential exports of green hydrogen from Australia, the company said.

This is the fourth overseas acquisition for India's largest port developer in the past two years. With this, the company will have a portfolio of 19 ports and terminals - 15 domestic and 4 overseas. A port in Israel, terminals in Tanzania and Sri Lanka are the other three international locations where APSEZ has its operations.

NQXT has a contract with Bravus Mining and Resources (formerly Adani Mining, fully owned by Adani Enterprises) for the export of 9.3 million tonnes of thermal coal from the Adani Carmichael coal mine.

The move by APSEZ comes at a time when the global ports industry is gaining strong prominence amid rising trade tensions, particularly between the US and China.

US investment giant BlackRock is reportedly seeking to acquire Panama Ports from Hong Kong-based conglomerate CK Hutchison for USD 23 billion but has faced resistance from Chinese stakeholders.

Last year in January, BlackRock also acquired Global Infrastructure Partners (GIP), which holds stakes in ports globally in a USD 12.5 billion deal.

In 2019, DP World increased its stake in its Australian port at a slightly higher valuation multiple of 18x EV/EBITDA. APSEZ is acquiring NQXT at a near 17x.

"For APSEZ, India will continue to remain an area of focus. The company is very selective in its overseas plans and will only participate in locations where Indian trade routes will play a significant role. This acquisition will bring in all group ports under one roof, allowing higher synergies," said a senior company official explaining APSEZ's approach to overseas expansion.

Having no direct exposure to the western region, NQXT, the deep-water terminal has 90 per cent exposure to the faster-growing Asian market, with China and India accounting for nearly half of the volumes, said a senior company source.

Based in Queensland, this deepwater port is near Bowen and Galilee mining basins and has a high-quality customer base, said the company.

On FY25 numbers, the acquisition will add 8 per cent to APSEZ's volumes and 6.4 per cent to its EBITDA.

Even though not a part of China's Belt and Road Initiative, Australia, one of the most resource-rich nations, has drawn nearly USD 9 billion in Chinese investment in its ports sector, second only to Tanzania. Australia also remains an important trading and strategic partner for India when it comes to natural resources.

Speaking on the acquisition, APSEZ CEO Ashwani Gupta said, "NQXT's acquisition is a pivotal step in our international strategy, opening new export markets and securing long-term contracts with valued users. Strategically located on the East-West trade corridor, NQXT is poised for robust growth as a high-performing asset, driven by increased capacity, upcoming contract renewals in the medium term, and the potential for green hydrogen exports in the long term".

"We are targeting EBITDA growing to Australian Dollar 400 million within 4 years."

The Port of Abbot Point (within which NQXT is located) has been declared as a strategic port and a Priority Port Development Area by the Queensland Government.

NQXT is under a long-term lease from the Queensland Government and is a critical infrastructure asset supporting Australia's significant resource industry.

It provides strategic access to currently eight major customers under long-term 'take or pay' contracts. During FY25, NQXT had a contract capacity of 40 million tonnes and handled an all-time high cargo volume of 35 million tonnes. Cargo from NQXT was exported to 15 countries, including 88 per cent to Asia and 10 per cent to Europe.

NQXT posted Australian Dollar 349 million in revenue and EBITDA of Australian Dollar 228 million in FY25. PTI

## ലഹരി കേസ്; ഷൈൻ ടോം ചാക്കോ അറസ്റ്റിൽ

കൊച്ചി: ലഹരി കേസിൽ നടൻ ഷൈൻ ടോം ചാക്കോ അറസ്റ്റിൽ. എൻഡിപിഎസ് നിയമത്തിലെ സെക്ഷൻ 27,29 വകുപ്പുകൾ പ്രകാരമാണ് ഷൈനിനെതിരേ കേസെടുത്തത്. ലഹരി ഉപയോഗം, ലഹരി ഉപയോഗത്തിന് പ്രേരിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്. സ്റ്റേഷൻ ജാമ്യം ലഭിക്കാവുന്ന വകുപ്പുകളാണ് ഇത്.

ഹോട്ടലിലെ ലഹരി പരിശോധനയ്ക്കിടെ ഓടി രക്ഷപെട്ട സംഭവത്തിലാണ് നടനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചത്. ഡാൻസാഫ് സംഘവും സൈബർ സെല്ലും കൊച്ചി നോർത്ത് സ്റ്റേഷനിലെ ലോക്കൽ പോലീസും ചേർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ ഷൈൻ പതറി.

ഹോട്ടലിൽ ഡാൻസാഫ് സംഘം അന്വേഷിച്ചെത്തിയ സജീറിനെ അറിയാമെന്ന് ഷൈൻ സമ്മതിച്ചു. തുടർച്ചയായ ചോദ്യം ചെയ്യലിൽ രാസലഹരി ഉപയോഗിക്കാറുണ്ടെന്നും ഷൈൻ മൊഴി നൽകുകയായിരുന്നു.

ഈ സാഹചര്യത്തിലാണ് പോലീസ് കേസെടുത്തത്. ഷൈനിന്റെ രക്തം, നഖം, മുടി എന്നിവയുടെ സാന്പിൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കും.

അതേസമയം, പോലീസ് പരിശോധനയ്ക്ക് എത്തിയപ്പോൾ ഹോട്ടലിൽ നിന്ന് ഇറങ്ങിയോടിയത് പേടിച്ചിട്ടാണെന്ന് നടൻ ഷൈൻ ടോം ചാക്കോ മൊഴി നൽകി. തന്നെ ആരോ ആക്രമിക്കാൻ വന്നതാണെന്ന് ഭയന്നു.

വന്നത് പോലീസാണെന്ന് അറിയില്ലായിരുന്നുവെന്നും ഷൈൻ പറഞ്ഞു. അതേസമയം ഷൈൻ ടോം ചാക്കോയുടെ ഫോൺ പരിശോധിക്കുയാണ് പോലീസ്. വാട്സ് ആപ്പ് ചാറ്റുകളും കോളുകളുമാണ് പരിശോധിക്കുന്നത്. ഗൂഗിൾ പേ ഇടപാടുകളും ഷൈൻ നടത്തിയ ഗൂഗിൾ പേ ഇടപാടുകളും പരിശോധിക്കുന്നുണ്ട്. ഷൈൻ സ്ഥിരം ഉപയോഗിച്ചിരുന്ന ഫോൺ ഇത് തന്നെ ആണോ എന്നാ സംശയത്തിലാണ് പോലീസ്.

പോലീസ് പറഞ്ഞതിലും അരമണിക്കൂർ നേരത്തെയാണ് ഷൈൻ ചോദ്യം ചെയ്യലിന് എത്തിയത്. രാവിലെ 10.30ന് ഹാജരാകാനായിരുന്നു ഷൈനിന് പോലീസ് നോട്ടീസ് നൽകിയത്. എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ മൂന്ന് എസിപിമാരുടെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യൽ പുരോഗമിക്കുന്നത്.

സമീപകാലത്ത് ഷൈൻ നഗരത്തിൽ താമസിച്ച ആറു ഹോട്ടലുകളിൽ നിന്നുള്ള സിസിടിവി ദൃശ്യങ്ങളും പോലീസ് ശേഖരിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ താമസിച്ചിരുന്ന ദിവസങ്ങളിൽ ഷൈനിനെ സന്ദർശിച്ചവരുടെ പട്ടികയും പോലീസ് തയാറാക്കിയിട്ടുണ്ട്. അടുത്തിടെ ഷൈൻ കേരളത്തിന് പുറത്തേക്ക് നടത്തിയ യാത്രകളുടെ വിവരങ്ങളും പോലീസ് ശേഖരിച്ചു. ഠ

ഷൈനുമായി ബന്ധപ്പെട്ട് എക്സൈസിന് കിട്ടിയ വിവരങ്ങളും പോലീസിന് കൈമാറിയിട്ടുണ്ട്.

## ലഹരിവിപത്ത് : അധ്യയന വർഷത്തിൽ ശക്തമായ ക്യാമ്പെയ്ന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി

പുതിയ അധ്യയന വർഷത്തിൽ ലഹരിവിപത്തിനെതിരെ പാഠ്യപദ്ധതി പരിഷ്കരണവും അധ്യാപക പരിശീലനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുഖ്യമന്ത്രി പങ്കെടുക്കുന്ന പ്രതിവാര ടെലിവിഷൻ സംവാദപരിപാടിയായ 'നാം മുന്നോട്ടി'ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വേനലവധിക്കാലത്ത് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തും. രാസലഹരിയുടെ ദൂഷ്യഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ, അധ്യാപകർക്ക് കൗൺസലിങ് പരിശീലനം, കുട്ടികൾക്ക് കായികപരിശീലനത്തിന് അധികസമയം, രക്ഷിതാക്കൾക്ക് ബോധവത്കരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളാണ് ഈ അധ്യയന വർഷം ഏറ്റെടുക്കുകയെന്ന് മുഖ്യമന്ത്രി പറഞ്ഞു. വലിയ മുന്നൊരുക്കങ്ങൾ നിലവിൽ നടക്കുന്നുണ്ട്. വിവിധ മേഖലകളിലെ വിദഗ്ധരുടെയും സാമുദായിക - സംഘടനാ നേതാക്കളുടെയും യോഗങ്ങളും ശിൽപശാലയും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തി. കുട്ടികളും യുവാക്കളുമാണ് ഇരകളാകുന്നതിൽ ഏറെയുമെന്നതിനാൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ബോധവത്കരണം നൽകേണ്ടതുണ്ട്. കുട്ടികൾക്കാവശ്യമായ കൗൺസലിങ് നൽകുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകും. പഠനസമ്മർദം ഒഴിവാക്കി വീടുകളിലേക്ക് മടങ്ങുന്നതിനായി എല്ലാ ദിവസവും അവസാന പിരീഡ് സുംബ ഡാൻസ് പോലുള്ള കായികപ്രവർത്തനങ്ങൾക്കായി നീക്കിവെക്കും. ഇത് സംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച നടത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള കച്ചവടസ്ഥാപനങ്ങളെയും ദുരൂഹമായി കാണുന്ന വ്യക്തികളെയും നിരീക്ഷിക്കണം. സമൂഹമാകെയും ഇതിനായി ഉണർന്നു പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.ലഹരിക്ക് അടിമപ്പെടുന്നവരെ ഒറ്റപ്പെടുത്തുന്ന സമീപനമല്ല സർക്കാർ സ്വീകരിക്കുന്നത്. അവരെ തിരുത്തി സമൂഹത്തോടൊപ്പം ചേർത്തുവെച്ച് കൊണ്ടുപോകാനാണ് ശ്രമം. സാധാരണജീവിതത്തിലേക്ക് മടങ്ങിവരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹവും മാറണം. അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുള്ള ജാഗ്രത വേണം. ലഹരിക്ക് അടിമപ്പെട്ട് ഗുരുതര മാനസിക പ്രശ്നങ്ങളുണ്ടാകുന്നവരെ ചികിത്സിക്കാനുള്ള ഒരു കേന്ദ്രം മാത്രമാണ് നിലവിൽ സർക്കാരിന് കീഴിലുള്ളത്. ഇത്തരം കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കളിക്കളങ്ങളുടെയും കളിക്കാനുള്ള അവസരങ്ങളുടെയും കുറവ് കുട്ടികളിൽ പഠനസമ്മർദമുണ്ടാക്കുന്നതായും ഇത്തരം കുട്ടികൾ ലഹരിക്ക് അടിമപ്പെടാനുള്ള സാധ്യതയേറെയാണെന്നും മുൻ ചീഫ് സെക്രട്ടറി ഡോ. വി വേണു അഭിപ്രായപ്പെട്ടു. പരിസര ശുചീകരണവും പ്രകൃതിസംരക്ഷണവും പാഠ്യപ്രവർത്തനങ്ങളുടെ ഭാഗമാക്കണമെന്നും അതുവഴി കുട്ടികളിലെ അലസത മാറ്റി ക്രിയാത്മകപ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ചുവിടണമെന്നും സഞ്ചാരിയായ സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞു. ലഹരി വ്യാപനം തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതുകൊണ്ടാണ് സംസ്ഥാനത്തെ കണക്കുകൾ ഉയർന്നു നിൽക്കുന്നതെന്നും അത് ശരിയായ റിപ്പോർട്ടിങിന്റെ ഫലമാണെന്നും മുൻ ഡിജിപി ഋഷിരാജ് സിങ് പറഞ്ഞു. ലഹരിക്ക് അടിമപ്പെടുന്നവരെ രോഗിയായി കണ്ട് ചികിത്സയും പിന്തുണയും നൽകണമെന്നും തുടർ നിരീക്ഷണവും സാമൂഹികപിന്തുണയും അനിവാര്യമാണെന്നും കൊല്ലം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ബി പദ്മകുമാർ അഭിപ്രായപ്പെട്ടു. കലയും സിനിമയും ഒരു പരിധിക്കപ്പുറം സമൂഹത്തെ സ്വാധീനിക്കില്ലെന്നും ഷൂട്ടിങ് സമയത്തെ ലഹരി ഉപയോഗത്തിനെതിരെ താരസംഘടന ശക്തമായ നടപടി സ്വീകരിക്കുമെന്നും നടി സരയു പറഞ്ഞു. ജോൺ ബ്രിട്ടാസ് എംപി മോഡറേറ്ററായി. നാം മുന്നോട്ടിന്റെ ഈ എപ്പിസോഡ് ഞായറാഴ്ച മുതൽ വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്യും.

## ലഹരിക്ക് അടിമപ്പെട്ട് മാനസിക പ്രശ്നങ്ങളുണ്ടാകുന്നവരെ ചികിത്സിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കും:മുഖ്യമന്ത്രി

ലഹരിക്ക് അടിമപ്പെട്ട് ഗുരുതര മാനസിക പ്രശ്നങ്ങളുണ്ടാകുന്നവരെ ചികിത്സിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതിവാര ടെലിവിഷൻ സംവാദപരിപാടിയായ 'നാം മുന്നോട്ടി'ൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ലഹരിക്ക് അടിമപ്പെടുന്നവരെ ഒറ്റപ്പെടുത്തുന്ന സമീപനമല്ല സർക്കാർ സ്വീകരിക്കുന്നത്. അവരെ തിരുത്തി സമൂഹത്തോടൊപ്പം ചേർത്തുകൊണ്ടുപോകാനാണ് ശ്രമം. സാധാരണജീവിതത്തിലേക്ക് മടങ്ങിവരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹവും മാറണം. അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുള്ള ജാഗ്രത വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പുതിയ അധ്യയന വർഷത്തിൽ ലഹരിവിപത്തിനെതിരെ പാഠ്യപദ്ധതി പരിഷ്കരണവും അധ്യാപക പരിശീലനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

## എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ ഏപ്രിൽ 23 മുതൽ

2025-26 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്, ഫാർമസി കോഴ്സിലേയ്ക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത (സി.ബി.ടി) പരീക്ഷ ഏപ്രിൽ 23 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും.

മേൽ സാഹചര്യത്തിൽ ഏപ്രിൽ 23 മുതൽ 29 വരെയുള്ള തീയതികളിൽ മറ്റ് പ്രവേശന പരീക്ഷകളിൽ ഹാജരാകേണ്ടത് കാരണം കീം പരീക്ഷാ തീയതികളിൽ മാറ്റം ആവശ്യപ്പെട്ട് ഇ-മെയിൽ മുഖേനയോ, നേരിട്ടോ ഏപ്രിൽ 18ന് വൈകിട്ട് 5വരെ അപേക്ഷിച്ചിട്ടുള്ളവർക്ക് ഭേദഗതി വരുത്തിയ അഡ്മിറ്റ് കാർഡ് www.cee.kerala.gov.in ൽ ലഭ്യമാക്കിയിട്ടുണ്ട്. ഭേദഗതി വരുത്തിയ അഡ്മിറ്റ് കാർഡ് സംബന്ധിച്ച് എന്തെങ്കിലും പരാതിയുള്ളവർ 'centre change complaint' എന്ന വിഷയം പരാമർശിച്ച് ഏപ്രിൽ 20ന് വൈകിട്ട് 5നകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭ്യമാക്കണം. 'centre change complaint' എന്ന വിഷയം പരാമർശിക്കാത്തതും ഏപ്രിൽ 20ന് വൈകിട്ട് 5ന് ശേഷം ലഭിക്കുന്ന പരാതികളും പരിഗണിക്കില്ല. ഫോൺ: 04712525300.

## പലതുള്ളി പെരുവെള്ളം: സംസ്ഥാനത്ത് കുടുംബശ്രീ അയൽക്കൂട്ട വനിതകളുടെ ബാങ്ക് നിക്ഷേപം 9369 കോടി രൂപ

തിരുവനന്തപുരം: വീട്ടുമുറ്റത്തെ ബാങ്ക് എന്നറിയപ്പെടുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളുടേതായി സംസ്ഥാനത്തെ വിവിധ ബാങ്കുകളിലുള്ളത് 9369 കോടി രൂപയുടെ നിക്ഷേപം.

സാധാരണക്കാരായ സ്ത്രീകളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി 1998 മുതൽ കുടുംബശ്രീ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന മൈക്രോ ഫിനാൻസ് പദ്ധതിയുടെ ഭാഗമായാണ് അയൽക്കൂട്ടതലത്തിൽ സമ്പാദ്യ രൂപീകരണം. രജത ജൂബിലി പിന്നിട്ട കുടുംബശ്രീയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് അയൽക്കൂട്ട അംഗങ്ങളുടേതായി ഇതുവരെയുള്ള ഭീമമായ നിക്ഷേപം. ആഴ്ചതോറും എല്ലാ അംഗങ്ങളും കുറഞ്ഞത് പത്തു രൂപ വീതം നിക്ഷേപിക്കണം എന്ന വ്യവസ്ഥയിലായിരുന്നു പദ്ധതിയുടെ തുടക്കമെങ്കിലും ക്രമേണ അയൽക്കൂട്ടങ്ങളുടെയും അംഗങ്ങളുടെയും എണ്ണത്തിലും നിക്ഷേപത്തിലുമുണ്ടായ ക്രമാനുഗത പുരോഗതിയാണ് സമ്പാദ്യം ശതകോടികളിലേക്ക് കുതിക്കാൻ സഹായകമായത്.

കൂടാതെ കുടുംബശ്രീ മിഷൻ 2024-25 സാമ്പത്തിക വർഷം നടത്തിയ'സസ്റ്റെയിനബിൾ ത്രിഫ്റ്റ് ആൻഡ് ക്രെഡിറ്റ് ക്യാമ്പയിൻ' മുഖേന അയൽക്കൂട്ട അംഗങ്ങളുടെ ശരാശരി ആഴ്ച സമ്പാദ്യം ഗണ്യമായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇതോടെ ഏഷ്യയിൽ തന്നെ ആഴ്ച സമ്പാദ്യത്തിലൂടെ ഏറ്റവും കൂടുതൽ നിക്ഷേപം കൈവരിക്കുന്ന സ്ത്രീ കൂട്ടായ്മയെന്ന ഖ്യാതിയും കുടുംബശ്രീക്ക് സ്വന്തം. സമ്പാദ്യത്തിനൊപ്പം അയൽക്കൂട്ടങ്ങളിൽ നിന്നു വായ്പയെടുക്കാനും കഴിയും. നടപടിക്രമങ്ങൾ ഇല്ലാതെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുമെന്നതാണ് അയൽക്കൂട്ട വായ്പയെ ആകർഷകമാക്കുന്നത്. ഇവിടെ നിന്നു വായ്പ ലഭ്യമാകുന്നതു വഴി വട്ടിപ്പലിശക്കാരുടെ കടക്കെണി ഒഴിവാക്കാനും സാധിക്കുന്നു. അംഗത്തിന്റെ ആവശ്യമനുസരിച്ച് നിക്ഷേപത്തിന് ആനുപാതികമായി വായ്പ എടുക്കാനും സാധിക്കും

. മറ്റ് അംഗങ്ങൾ അനുമതി നൽകുന്ന പക്ഷം സ്വന്തം നിക്ഷേപ തുകയേക്കാൾ കൂടുതൽ തുക വായ്പാ ഇനത്തിൽ ലഭിക്കും. വ്യക്തിഗത വായ്പയായും പരസ്പര ജാമ്യത്തിലും വായ്പയെടുക്കാനും അയൽക്കൂട്ടങ്ങളിൽ അവസരമുണ്ട്. നിലവിൽ 28723.89 കോടിരൂപ ആന്തരിക വായ്പാ ഇനത്തിൽ അയൽക്കൂട്ട അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇന്ന് സംസ്ഥാനമൊട്ടാകെയുള്ള കുടുംബശ്രീ സംരംഭകരിൽ നല്ലൊരു വിഭാഗവും അയൽക്കൂട്ടങ്ങളിൽ നിന്നു വായ്പയെടുത്ത് സംരംഭം തുടങ്ങി വിജയിച്ചവരാണ്. കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസം, ഗൃഹനിർമാണം, മക്കളുടെ വിവാഹം, ചികിത്സ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായും ഇവർ കുടുംബശ്രീ വായ്പയെ ആശ്രയിക്കുന്നു. സംസ്ഥാനത്തെ എല്ലാ അയൽക്കൂട്ട അംഗങ്ങൾക്കും സാമ്പത്തിക സാക്ഷരത നേടിക്കൊടുക്കുന്നതിലും കുടുംബശ്രീയുടെ മൈക്രോ ഫിനാൻസ് പദ്ധതി വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് സ്വന്തമായി ബാങ്ക് അക്കൗണ്ട് ഉള്ളവരാണ് എല്ലാ അയൽക്കൂട്ട അംഗങ്ങളും. 3.07 ലക്ഷം അയൽക്കൂട്ടങ്ങൾ ഇതുവരെ ബാങ്കുമായി ലിങ്ക് ചെയ്തു കഴിഞ്ഞു. ഇതുവഴി സ്വന്തമായി ബാങ്കിടപാടുകൾ നടത്താനും ഡിജിറ്റൽ പണമിടപാടുകൾ നടത്താനുള്ള ശേഷിയും ഇവർ കൈവരിച്ചിട്ടുണ്ട്.

ഇന്ന് ദേശസാൽകൃത ബാങ്കുകൾ കൂടാതെ പുതുതലമുറ ബാങ്കുകളും അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകാൻ മുന്നോട്ടു വരുന്നുണ്ട്. വായ്പാ തിരിച്ചടവിലെ കൃത്യതയാണ് ഇതിനു കാരണം.

## സർക്കാരിന്റെ നാലാം വാർഷികാഘോഷം; യുഡിഎഫ് ബഹിഷ്കരിക്കും

കൊച്ചി: സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം യുഡിഎഫ് ബഹിഷ്കരിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കെ നാലാം വാർഷികം ആഘോഷിക്കാൻ സർക്കാരിന് ധാർമിക അവകാശമില്ല.

പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ ഒന്നും ചെയ്യുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. മുനമ്പത്തെ പ്രശ്നത്തിൽ സംസ്ഥാന സർക്കാരാണ് പ്രതി. ഭൂമി വിട്ടു കൊടുത്ത സേഠിന്റെ കുടുംബവും ഫറൂക് കോളജ് മാനേജ്മെൻറും ഭൂമി വഖഫല്ലെന്ന് പറയുമ്പോഴും വഖഫ് ബോർഡാണ് വിഷയത്തിൽ കടുംപിടിത്തം തുടരുന്നത്.

മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്നതാണ് താൻ നേരത്തെ പറഞ്ഞത്. അത് തന്നെയാണ് ശരി. യുഡിഎഫ് അധികാരത്തിൽ വന്നാൽ പത്ത് മിനിറ്റിൽ പ്രശ്നം പരിഹരിക്കുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർഥി ചർച്ചകൾ പ്രാഥമിക ഘട്ടത്തിലാണെന്നും വി. ഡി. സതീശൻ പറഞ്ഞു.